പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 491* — 16.7.2007 ൽ മറുപടിക്ക്

## സംസ്ഥാനത്തെ റോഡുകളുടെ നിലവാരം

**ചോദ്യം**

ശ്രീ. പി. സി. ജോർജ്ജ്

**ഉത്തരം**

ഷെവ. ടി. യു. കുരുവിള

(ബഹു: മരാമത്ത് വകുപ്പ് മന്ത്രി)

(എ) ഇൻഡ്യൻ റോഡ് കോൺഗ്രസ്സ് നിർദ്ദേശിച്ചിട്ടുള്ള നിലവാരത്തിന് അനുസൃതമായിട്ടാണോ കേരളത്തിലെ പി.ഡബ്ല്യു.ഡി. റോഡുകൾ നിർമ്മിച്ചിട്ടുള്ളത്;

(എ) റോഡുകളും പാലങ്ങളും വിഭാഗത്തിൽ കേരളത്തിലെ പഴയ റോഡുകൾ പൂർണ്ണമായും ഇൻഡ്യൻ റോഡ് കോൺഗ്രസ് നിർദ്ദേശിക്കുന്ന നിലവാരത്തിനു അനുസരിച്ചല്ല നിർമ്മിച്ചിരിക്കുന്നത്.
ദേശീയപാത വിഭാഗത്തിൽ ഇൻഡ്യൻ റോഡ് കോൺഗ്രസ് നിർദ്ദേശിക്കുന്ന നിലവാരവും കേന്ദ്ര ഷിപ്പിംഗ് റോഡ് ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ സ്പെസിഫിക്കേഷനും പഠനവും അനുസരിച്ചാണ് റോഡുകൾ നിർമ്മിക്കുന്നത്.

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പഠനം നടത്തിയിട്ടുണ്ട്. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ന്യൂഡെൽഹിയിലെ റൈറ്റ്സ് എന്ന സ്ഥാപനത്തിന് കേരളത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള 9021 കി.മീറ്റർ റോഡുകളെ കുറിച്ച് പഠനം നടത്തുന്നതിന് 1996 ൽ ഏല്പിച്ചിരുന്നു. വിശദമായ പഠനങ്ങൾക്കുശേഷം അതിൽ നിന്നും 1600 കി.മീറ്റർ റോഡുകളാണ് ലോകബാങ്ക് സഹായത്തോടെ നടത്തുവാൻ തിരഞ്ഞെടുത്തിട്ടുള്ളത്

(സി) പൊതുമരാമത്ത് വകുപ്പ് വികസിപ്പിച്ചെടുത്ത ആർ.എം.എം.എസ്. സംവിധാനം അനുസരിച്ച് ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

(സി) ലോക ബാങ്ക് സഹായത്തോടെ നടപ്പാക്കിവരുന്ന KSTP പദ്ധതിയുടെ ഭാഗമായ പൊതുമരാമത്ത് വകുപ്പ് നവീകരണത്തിനു ഒരു റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം (RMMS) വികസിപ്പിച്ചിട്ടുണ്ട്. ഈ സംവിധാനം പ്രാവർത്തികമാക്കുന്നതിനാവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമ സഭ

അഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട<br>നിയമസഭാ ചോദ്യം 482 | 16.07.2007 ൽ<br>മറുപടിക്ക് |

## പോലീസ് കംപ്ലയിന്റ് അതോറിറ്റി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ<br>ശ്രീ. എൻ. രാജൻ<br>ശ്രീമതി. ഇ.എസ്. ബിജിമോൾ<br>ശ്രീ. കെ. രാജു<br>ശ്രീ. ബാബു പോൾ | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും<br>വകുപ്പുമന്ത്രി) |

| | |
|---|---|
| (എ) പോലീസ് കംപ്ലയിന്റ് അതോറിറ്റി രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | എ, ബി } കേരളസർക്കാർ02.04.07ലെ നോട്ടിഫിക്കേഷൻനംപർ3613/ ലെജി.ബി/07/നിയമം പ്രകാരം പുറപ്പെടുവിച്ചകേരള പോലീസ് ഭേദഗതി ഓർഡിനൻസ് 2007 അനുസരിച്ച് കംപ്ലയിന്റ്സ് അതോറിറ്റിരൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) ഈ അതോറിറ്റിയുടെ ഘടന തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അത് എങ്ങെയാണെന്ന് വെളിപ്പെടുത്തുമോ ? | സംസ്ഥാനതല കംപ്ലിയിന്റ്സ് അതോറിറ്റിയിൽ ഹൈക്കോടതി യിൽ നിന്നും വിരമിച്ച ഒരു ന്യായാധിപൻ ചെയർമാനും, |

സർക്കാർസർവ്വീസിൽ
പ്രിൻസിപ്പൽ സെക്രട്ടറി റാങ്കിലുള്ള
ഒരുദ്യോഗസ്ഥനും പോലീസ്
അഡീഷണൽ ഡയറക്ടർ ജനറൽ
റാങ്കിലുള്ളമറ്റൊരുദ്യോഗസ്ഥനും
അംഗങ്ങളായിരിക്കും.

ജില്ലാതല കംപ്ലയിന്റ്സ്
അതോറിറ്റിയിൽ വിരമിച്ച
ഒരു ജില്ലാ ന്യായാധിപൻ
ചെയർമാനും ജില്ലാ കളക്ടർ,
ജില്ലാ പോലീസ് സൂപ്രണ്ട്
എന്നിവർ അംഗങ്ങളുമായിരിക്കും.

മേൽപ്പറഞ്ഞ ഓർഡിനൻസ്
പ്രകാരം സംസ്ഥാനതല
കംപ്ലെയ്ന്റ്സ് അതോറിറ്റി
രൂപീകരിച്ചു കഴിഞ്ഞിട്ടുണ്ട്.
ഇതിൽ റിട്ട. ജസ്റ്റിസ് ശ്രീ.
കെ. കെ. ദിനേശൻ ചെയർമാനും
ആഭ്യന്തര അഡീഷണൽ ചീഫ്
സെക്രട്ടറി, പോലീസ് അഡീഷണൽ
ഡയറക്ടർ ജനറൽ (ഇന്റലിജൻസ്)
എന്നിവർ അഗങ്ങളുമാണ്.

| | |
|---|---|
| (സി) ജില്ലാതല അതോറിറ്റികൾ രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ? | (സി) ഉണ്ട്. |
| (ഡി) ഈ അതോറിറ്റികളുടെ പ്രവർത്തന ലക്ഷ്യം എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ഡി) പോലീസ് സൂപ്രണ്ടിനും അതിനുമുകളിലുള്ള പോലീസ് ഉദ്യോഗസ്ഥർക്കെതിരെ സ്വഭാവ ദൂഷ്യത്തിനും മറ്റുമെതിരെ ഉന്നയിക്കുന്ന പരാതികൾ പരിശോധിക്കുന്നതിനും എതൊരു റാങ്കിലുള്ള പോലീസ് |

3 482

ഉദ്യോഗസ്ഥകർക്കെതിരെയും
കൊലപാതകം, ഗുരുതരമായ
പരിക്കേല്പിക്കൽ, ബലാൽസംഗം,
മാനഭംഗം എന്നിവക്കെതിരെ
ഉന്നയിക്കുന്ന പരാതി പരിശോധിക്കു
ന്നതിനും അന്വേഷിക്കുന്നതിനും
സർക്കാരിന് വേണ്ട നിർദ്ദേശം
നൽകുന്നതിനും സംസ്ഥാനതല
അതോറിറ്റിക്ക് അധികാരമുണ്ട്.

ഡെപ്യൂട്ടി പോലീസ്
സൂപ്രണ്ടിനും അതിന് താഴെയുള്ള
പോലീസ്ഉദ്യോഗസ്ഥർക്കെതിരെ
യുള്ളപരാതികൾ പരിശോധിക്കുന്ന
തിനും, അന്വേഷിക്കുന്നതിനും
സർക്കാരിന് ഇക്കാര്യത്തിൽ വേണ്ട
നിർദ്ദേശം നൽകുന്നതിനും ജില്ലാ തല
അതോറിറ്റിക്ക് അധികാരമുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 483. | 16/07/2007 - ൽ മറുപടിയ്ക്ക്

## തൊഴിൽ രംഗത്തെ പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.സി. മൊയ്തീൻ:<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ:<br>ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി:<br>ശ്രീ. കെ. കുഞ്ഞിരാമൻ:<br>ശ്രീ. വി.എൻ. വാസവൻ | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) തൊഴിൽ തർക്കം മൂലം ഏതെങ്കിലും സ്ഥാപനം അടച്ചു പൂട്ടിയിട്ടുണ്ടോ ; | (എ) 2006 മേയ് മാസത്തിനു ശേഷം അപ്രകാരം ഒരു സ്ഥാപനവും അടച്ചുപൂട്ടിയിട്ടില്ല. |
| (ബി) തൊഴിൽ രംഗത്തെ പ്രശ്നങ്ങൾ യഥാസമയം പരിഹരിക്കാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; | (ബി) വ്യവസായ സ്ഥാപനങ്ങളിലെ തൊഴിൽ തർക്കങ്ങൾ സമയോചിതമായ ഇടപെടലുകളിലൂടെയും അനുരഞ്ജന ചർച്ചകളിലൂടെയും പരിഹരിക്കുന്നതിന് തൊഴിൽ വകുപ്പ് നടപടി സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗവും യഥാസമയങ്ങളിൽ വ്യവസായ സ്ഥാപനങ്ങളിൽ പരിശോധന നടത്തി പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കുന്നുണ്ട്. കൂടുതൽ ചൂഷണത്തിന് വിധേയരാവുന്നുവെന്നു കരുതപ്പെടുന്ന മേഖലകളിൽ തൊഴിലാളികളെയും, തൊഴിലുടമയെയും തൊഴിൽ നിയമങ്ങളെക്കുറിച്ചും അവരുടെ ചുമതലകളെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചും ബോധവാന്മാരാക്കുന്നതിന് സംസ്ഥാനത്തുടനീളം സെമിനാറുകളും ബോധവൽക്കരണ ക്യാമ്പുകളും തൊഴിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുന്നുണ്ട്. |
| (സി) ലേബർ കോടതികളിലും ഇൻഡസ്ട്രിയൽ ട്രിബ്യൂണലുകളിലുമായി ഇപ്പോൾ എത്ര കേസ്സുകൾ നിലനിൽക്കുന്നുവെന്ന് വെളിപ്പെടുത്തുമോ ; | (സി) ലേബർ കോടതികളിലും ഇൻഡസ്ട്രിയൽ ട്രിബ്യൂണലുകളിലുമായി 2566 കേസ്സുകൾ നിലനിൽക്കുന്നു. |
| (ഡി) കേസ്സുകളിൽ കഴിയുന്നതും വേഗം പരിഹാരമുണ്ടാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ? | (ഡി) നടപടി സ്വീകരിച്ചുവരുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
5-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.484      16.07.2007-ൽ മറുപടിക്ക്

## ടിപ്പർ ലോറികളുടെ വേഗത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സാജു പോൾ<br>ശ്രീ.എം.എം. മോനായി<br>ശ്രീ.എം.കെ. പുരുഷോത്തമൻ<br>ശ്രീ.എ.എം. യൂസഫ്<br>ശ്രീ.എം.ജെ. ജേക്കബ് | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പലയിടത്തും അമിതവേഗത്തിൽ ടിപ്പർ ലോറികൾ ഓടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അമിതവേഗത്തിൽ പായുന്ന ടിപ്പർ ലോറികൾക്കെതിരെ നടപടി സ്വീകരിക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുറ്റക്കാരായ ഡ്രൈവർമാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ബി) ഇതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകളാണ് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രജിസ്റ്റർ ചെയ്തത്; | (ബി) 982 കേസ്സുകൾ |
| (സി) ഇവയുടെ അമിത വേഗം നിയന്ത്രിക്കുവാൻ നടപടി സ്വീകരിക്കുന്നതിന് കർശന നിർദ്ദേശം നൽകുമോ? | (സി) അമിത വേഗത നിയന്ത്രിക്കുവാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

ചോദ്യം നമ്പർ–485 — 16/7/2007-ൽ മറുപടിയ്ക്ക്

## തടവുകാരുടെ പ്രശ്നങ്ങൾ

ചോദ്യം — ഉത്തരം

ശ്രീ.സി.എം.ദിനേശ് മണി:
ശ്രീ. എ.എം. ആരിഫ്:
ശ്രീ. വി ശശികുമാർ:
ശ്രീ.കെ.ടി.ജലീൽ:

ശ്രീ.കോടിയേരി ബാലകൃഷ്ണൻ:
(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ). ജയിലുകളിലെ തടവുകാരുടെ പ്രശ്നങ്ങൾ പഠിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ). ഉണ്ട്. തടവുകാരുടെ പ്രശ്നങ്ങൾ പഠിച്ച് പരിഹരിക്കുന്നതിനായി ജയിൽ ഉപദേശകസമിതികൾ, ജയിൽ റിവ്യൂ കമ്മിറ്റി എന്നിവ പുന:സംഘടിപ്പിച്ചു. |
| (ബി). തടവുകാരുടെ ശിക്ഷ ഇളവ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടിക്രമങ്ങൾ വ്യക്തമാക്കുമോ; | (ബി). കേരളപ്പിറവി സുവർണ്ണജൂബിലിയുടെ ഭാഗമായി 8/6/07 ലെ ജി.ഒ.(എം.എസ്) 127/07 ആഭ്യന്തരം ഉത്തരവ് പ്രകാരം തടവുകാർക്ക് സ്പെഷ്യൽ റെമിഷൻ അനുവദിച്ചുത്തരവായി. തടവുകാരുടെ മോചനത്തിനായി, അവരുടെ ശിക്ഷയെപ്പറ്റി പഠിച്ച് അകാലവിടുതലിനുവേണ്ടി ശുപാർശകൾ സമർപ്പിക്കുന്നതിനായി ഉപദേശകസമിതിയും, ജയിൽ റിവ്യൂ കമ്മിറ്റിയും പുന:സംഘടിപ്പിച്ചിട്ടുണ്ട്. |
| (സി). തടവുകാർക്കുള്ള കൂലി വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | (സി). തടവുകാരുടെ വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പുതുക്കിയ വേതനത്തിന്റെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ആഫീസർ.

അനുബന്ധം

**ENHANCED RATE OF WAGES**

| RATE OF WAGES FOR TASKED LABOUR | | | | | | | |
|---|---|---|---|---|---|---|---|
| Sl.No | Category of labour | Proposal | Rate of Wages | | | | |
| 1 | 2 | | 3 | | | | |
| | | Ordinary task | | Extra task | | | |
| | | Existing rate | Enhanced rate | Existing rate | Enhanced rate | | |
| 1 | Weaving | 13 | 30 | 19 | 44 | | |
| 2 | Coir Making | 13 | 30 | 19 | 44 | | |
| 3 | Khadi spinning | 13 | 30 | 19 | 44 | | |
| 4 | Tailoring | 13 | 30 | 19 | 44 | | |
| 5 | Book binding | 13 | 30 | 19 | 44 | | |
| 6 | Carpentry(skilled) | 18 | 41 | 27 | 62 | | |
| 7 | Carpentry(Un skilled) | 13 | 30 | 19 | 44 | | |
| 8 | Sawing | 23 | 53 | 35 | 81 | | |
| UNTASKED LABOUR | | | | | | | |
| Sl.No. | Name of work | Skilled | | Class-I | | Class- II | |
| 1 | 2 | | 3 | | | | |
| | | Existing rate | Enhanced rate | Existing rate | Enhanced rate | Existing rate | Enhanced rate |
| 1 | Cleaning of flushout latrines | 13 | 30 | 0 | 0 | 0 | 0 |
| 2 | Cullinary (Kitchen) | 0 | 0 | 18 | 46 | 13 | 35 |
| 3 | Maintenance of building road making nursing oderlies and such other work for which no task is fixed | 18 | 41 | 13 | 30 | 9 | 21 |
| 4 | Sweeping and carrying water | 0 | 0 | 13 | 30 | 9 | 21 |
| 5 | Gardening | 0 | 0 | 13 | 30 | 9 | 21 |
| 6 | Paddy pounding | 0 | 0 | 13 | 30 | 9 | 21 |
| 7 | Barber services | 0 | 0 | 13 | 30 | 9 | 21 |
| 8 | Orderly in Jail Canteen | 13 | 30 | 0 | 0 | 0 | 0 |
| 9 | Pounding of wheat | 13 | 30 | 0 | 0 | 0 | 0 |
| 10 | Skilled Maisonary work | 23 | 53 | 13 | 30 | 9 | 21 |
| 11 | Cement plastering | 23 | 53 | 13 | 30 | 9 | 21 |
| 12 | Quarrying of laterite stone | 23 | 53 | 13 | 30 | 9 | 21 |
| 13 | Carpenter prisoners in maintenance and repairing gang | 23 | 53 | 13 | 30 | 0 | 0 |
| 14 | Sizing | 23 | 53 | 13 | 30 | 0 | 0 |
| 15 | Dying | 23 | 53 | 13 | 30 | 0 | 0 |
| 16 | Drifting | 23 | 53 | 13 | 30 | 0 | 0 |
| 17 | Seaming | 23 | 53 | 13 | 30 | 0 | 0 |
| 18 | Store Attender | 23 | 53 | 13 | 30 | 0 | 0 |
| 19 | Manufacturing and repairing looms,ceiling, roofing and carving | 23 | 53 | 13 | 30 | 0 | 0 |
| 20 | All works in smithy | 23 | 53 | 13 | 30 | 0 | 0 |
| 21 | Cattle keeping including milking | 23 | 53 | 13 | 30 | 0 | 0 |
| 22 | Wrap grinding | 23 | 53 | 13 | 30 | 0 | 0 |
| 23 | Expert workmanship in cutting and sizing dhothies in tailoring | 23 | 53 | 0 | 0 | 0 | 0 |
| 24 | Laundry works | 0 | 0 | 13 | 30 | 0 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| 25 | Ironing | 0 | 0 | 13 | 30 | 0 | 0 |
| 26 | Polishing and sand papering | 0 | 0 | 13 | 30 | 9 | 21 |
| 27 | Pirn distribution | 13 | 30 | 0 | 0 | 0 | 0 |
| 28 | Orderlies | 13 | 30 | 0 | 0 | 0 | 0 |
| 29 | Oil crushing | 0 | 0 | 13 | 30 | 9 | 21 |
| 30 | Hand made paper industry | 0 | 0 | 13 | 30 | 9 | 21 |
| 31 | Bees keeping | 0 | 0 | 13 | 30 | 9 | 21 |
| 32 | Book binding | 0 | 0 | 13 | 30 | 9 | 21 |
| 33 | Cleaning and colouring of leather twisting cord preparing gum etc | 0 | 0 | 13 | 30 | 9 | 21 |
| 34 | Tailoring where task is not fixed | 0 | 0 | 13 | 30 | | 21 |
| 35 | Selection of leather cutting of sole, half sole, out sole and distributing cord, nail wax etc | 0 | 0 | 23 | 53 | 13 | 30 |
| 36 | Stitching of leather (on Sewing machine according to requirement) | 0 | 0 | 0 | 0 | 23 | 53 |
| 37 | Muttay loading counting drying threashed coir fibre and binding and weighing of coir fibre | 0 | 0 | 13 | 30 | 9 | 21 |
| 38 | Convict Warders on day duty | 0 | 0 | 15 | 35 | 0 | 0 |
| 39 | Convict warders on night duty | 0 | 0 | 23 | 53 | 0 | 0 |
| 40 | Members in the Prison Welfare Committee | 0 | 0 | 15 | 35 | 0 | 0 |
| 41 | Skilled Work(Workshop) | 23 | 53 | 0 | 0 | 0 | 0 |
| | LABOUR IN PRINTING PRESS | | | | | | |
| | | | | RATE OF WAGES | | | |
| Sl.No | Category of labour | Ordinary task | | Extra task | | | |
| | | Existing rate | Enhanced rate | Existing rate | Enhanced rate | | |
| 1 | 2 | 3 | | 4 | | | |
| 1 | Composing | 13 | 30 | 23 | 53 | | |
| 2 | Printing | 13 | 30 | 23 | 53 | | |
| 3 | Binding | 13 | 30 | 23 | 53 | | |
| 4 | Stereo and roller casting | 13 | 30 | 23 | 53 | | |
| 5 | Hand made boards | 13 | 30 | 23 | 53 | | |
| WAGE FOR WORK ON SUNDAY | | | | | | | |
| | | Existing rate | Enhanced rate | | | | |
| A | For full day's work (8 hours) | 23 | 53 | | | | |
| B | For half day's work (4 hours) | 23 | 53 | | | | |
| | WAGE FOR PRISONERS IN OPEN PRISON | | | | | | |
| | | Existing rate | Enhanced rate | | | | |
| (a) | For a day's task | 30 | 69 | | | | |
| (b) | For every extra task | 21 | 48 | | | | |

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 486

16-7-2007 - ൽ മറുപടിയ്ക്ക്

## ജൈവകൃഷി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോർജ് എം. തോമസ്<br>ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. കെ.കെ. ജയചന്ദ്രൻ<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; | എ) സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 2800 ലക്ഷം രൂപയുടെ ഒരു പദ്ധതി സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മുഖേന ആവിഷ്ക്കരിച്ച് 2007-08 വർഷത്തിൽ നടപ്പിലാക്കുന്നതാണ്. ഇതിനുപുറമെ കേന്ദ്രസഹായത്തോടെ നടപ്പിലാക്കുന്നതിനായി ഉദ്ദേശിക്കുന്ന ഒരു പദ്ധതിക്ക് വേണ്ടി 60.7 ലക്ഷം രൂപയുള്ള ഒരു പ്രോപ്പോസൽ കേന്ദ്ര അനുമതിക്കായി സംസ്ഥാന സർക്കാർ വഴി സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാന കൃഷിവകുപ്പ് മുഖാന്തിരം ജൈവ പച്ചക്കറി കൃഷിയും നടപ്പിൽ വരുത്തുന്നതാണ്. |

| | |
|---|---|
| ബി) ഏതെല്ലാം കാർഷിക വിളകളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; | ബി) കൃഷിവകുപ്പ് മുഖേന ജൈവ പച്ചക്കറി കൃഷിയുടെയും, വാഴ, തെങ്ങ്, കുരുമുളക്, ഇഞ്ചി, കശുമാവ് എന്നീ വിളകളുടെ ജൈവകൃഷി ഹോർട്ടി കൾച്ചർ മിഷൻ മുഖേനയും നടപ്പിലാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ട്. |
| സി) ജൈവകൃഷിയുടെ ഗുണഫലങ്ങൾ സംബന്ധിച്ച് കർഷകർക്ക് ബോധവൽക്കരണം നടത്തുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നുണ്ടോ; | സി) ഉണ്ട്. ജൈവകൃഷിയുടെ ഗുണങ്ങൾ സംബന്ധിച്ച് കർഷകർക്ക് ബോധവൽക്കരണം നൽകുന്നതാണ്. ഇതിനായി ഈ വർഷം 70 പരിശീലനങ്ങൾ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. |
| ഡി) ജൈവകൃഷിയിലൂടെ മികച്ച വിളവുണ്ടാക്കുന്ന കർഷകർക്ക് അവാർഡ് ഏർപ്പെടുത്തുമോ? | ഡി) ഏറ്റവും മികച്ച ജൈവകർഷകന് സർക്കാർ അവാർഡ് ഏർപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
5-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.487 16.07.2007-ൽ മറുപടിക്ക്

## ഹെൽമറ്റ് വേട്ട

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ. സുധാകരൻ | ശ്രീ.കോടിയേരി ബാലകൃഷ്ണൻ (ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) ഹെൽമറ്റ് ധരിക്കാത്ത ഇരുചക്ര വാഹനയാത്രക്കാരെ നിർബന്ധിച്ച് പരിശോധന നടത്തുവാൻ പോലീസിന് ഉത്തരവ് നൽകിയിട്ടുണ്ടോ; എങ്കിൽ ഉത്തരവ് എന്നാണ് നൽകിയത്; | (എ) ബഹു: ഹൈക്കോടതിയുടെ ഒ.പി.നം.21296/00 -ലെ വിധിയുടെ അടിസ്ഥാനത്തിൽ മോട്ടോർ വാഹന നിയമം 1988-ലെ സെക്ഷൻ 129-ഉം കേരള മോട്ടോർ വെഹിക്കിൾ വകുപ്പിന്റെ റൂൾ 347 ഉം നടപ്പിലാക്കപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തുവാൻ വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| (ബി) ഗുരുതരമായ പല നിയമലംഘനങ്ങളോടും നിസംഗത പാലിക്കുന്ന പോലീസ് ഹെൽമറ്റ് ധരിക്കാത്ത ഇരുചക്ര വാഹനക്കാരെ പരിശോധിക്കുന്നതിൽ അമിത ജാഗ്രത കാണിക്കുന്നതെന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ; | (ബി) ഇരുചക്ര വാഹന പരിശോധനയിൽ അമിത ജാഗ്രത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) കോടതി വിധി നടപ്പിലാക്കുന്നതിന് നിർദ്ദേശം ലഭിക്കുന്നതിന് മുൻപ് തന്നെ പോലീസ് അനാവശ്യ വ്യഗ്രത കാണിച്ച് പൊതുജനങ്ങളെ ബുദ്ധിമുട്ടിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

3.4271

| | |
|---|---|
| (ഡി) സർക്കാരിന്റെ വ്യക്തമായ നിർദ്ദേശമോ അനുമതിയോ ഇല്ലാതെ പൊതുജനങ്ങളെ ദ്രോഹിക്കുന്ന ഉദ്യോഗസ്ഥരുടെ പേരിൽ നടപടി കൈക്കൊള്ളുമോ; | (ഡി) സർക്കാരിന്റെ വ്യക്തമായ നിർദ്ദേശങ്ങൾ ഇല്ലാതെ പൊതുജനങ്ങളെ ദ്രോഹിക്കുന്ന രീതിയിലുള്ള സംഭവം റിപ്പോർട്ട് ചെയ്യപ്പെട്ടാൽ ടി സംഭവത്തിന് ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥരുടെ പേരിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |
| (ഇ) നിശ്ചിത നിലവാരമുള്ള ഹെൽമറ്റ് ലഭ്യമില്ലാതിരിക്കുകയും ഇരുചക്ര വാഹനങ്ങൾക്ക് സുഗമമായി സഞ്ചരിക്കുവാൻ കഴിയുന്ന റോഡുകൾ ഇല്ലാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഹെൽമറ്റ് നിർബന്ധമാക്കിയ നടപടി പുന:പരിശോധിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ? | (ഇ) ബഹു: കേരളാ ഹൈക്കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിലാണ് ഇരുചക്ര വാഹനം ഓടിക്കുന്നവർക്ക് കർശനമായി ഹെൽമറ്റ് ധരിക്കേണ്ടി വന്നിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 488. 16-07-07-ൽ മറുപടിക്ക്

## എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിലുള്ള ജില്ലാ-ജനകീയ സമിതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ<br>പ്രൊഫ. എൻ. ജയരാജ് | ശ്രീ. പി. കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജില്ലാ ജനകീയസമിതികൾ രൂപീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത സമിതികളുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാജനകീയ കമ്മിറ്റികൾ, എക്സൈസ്, റവന്യൂ വകുപ്പുകൾ വ്യാജമദ്യം അമർച്ച ചെയ്യാൻ എടുത്ത നടപടികളുടെ പുരോഗതി കാലാകാലങ്ങളിൽ വിശകലനം ചെയ്യുകയും ചാരായത്തിന്റെയും സ്പിരിറ്റ് അല്ലെങ്കിൽ മറ്റ് ഏത് തരം മദ്യത്തിന്റെയും അനധികൃത വിപണനം ഇല്ലാതാക്കാൻ ഫലവത്തായ നടപടി സ്വീകരിക്കുകയും ചെയ്യുന്നു. ബന്ധപ്പെട്ട വകുപ്പുകളുടെയും സർക്കാരിതര സംഘടനകളുടെയും പൊതുജനങ്ങളുടെയും സഹായവും സഹകരണവും അഭ്യർത്ഥിച്ചിട്ടുണ്ട്. വ്യാജമദ്യത്തിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് പൊതുജനങ്ങളെ ബോധവാന്മാരാക്കുവാൻ പത്ര ഇലക്ട്രോണിക് മാധ്യമങ്ങൾ വഴി ശക്തമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ലൈസൻസികൾ മദ്യഷാപ്പുകൾ നടത്തുന്നത് അബ്കാരി |

ആക്ട് ആൻറ് റൂൾസിൻെറയും സർക്കാർ നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലാണെന്ന് ഉറപ്പു വരുത്തുന്നു. ടി കമ്മിറ്റികൾ ചെയ്യു പ്രവർത്തികളുടെ പ്രതിമാസ അവലോകനം കമ്മീഷണർക്ക് നൽകുന്നു. കമ്മിറ്റി ഒരു മാസത്തിൽ കുറഞ്ഞത് ഒരു തവണയെങ്കിലും കൂടുകയും അപ്രകാരം കൂടിയതിൻെറ നടപടി ചുരുക്കം 7 ദിവസത്തിനകം എക്സൈസ് കമ്മീഷണറെ അറിയിക്കുകയും ചെയ്യുന്നു. ജില്ലകളിൽ കളക്ടർമാർ ചെയർമാനായും അസി: എക്സൈസ് കമ്മീഷണർ, എം.എൽ.എ. ജില്ലാ പഞ്ചായത്ത് പ്രസിഡൻറ്, മേയർ, മുൻസിപ്പൽ ചെയർമാൻ എന്നിവരുൾപ്പെട്ട ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി രൂപവൽക്കരിക്കുവാൻ ഉദ്ദേശിക്കുന്നു. ബോധവൽക്കരണ സെമിനാറുകൾ, ലഹരി വിരുദ്ധ സന്ദേശ റാലി. ലഹരി വിരുദ്ധ സന്ദേശ മോട്ടോർ ബൈക്ക് റാലി, ലഹരി വിരുദ്ധ പ്രദർശനം. ചിത്ര രചനാ മത്സരം, പ്രസംഗ മത്സരം, ഉപന്യാസ മൽസരം, പോസ്റ്റർ പ്രദർശനം, എന്നിവയ്ക്കു പുറമേ അതാതു പ്രദേശത്തിൻെറ പ്രത്യേകതകൾക്കനുസരിച്ച് ബോധവത്കരണത്തിനാവശ്യമായ പ്രചാരണ പ്രവർത്തനങ്ങളും നടത്തുന്നതാണ്. ഇപ്രകാരം രൂപീകരിക്കപ്പെടുന്ന കമ്മിറ്റികളിൽ അംഗീകൃത വിദ്യാർത്ഥി സംഘടനാ പ്രതിനിധികളെ കൂടി ഉൾപ്പെടുത്തുന്നതും ബോധവൽക്കരണ പരിപാടികളിൽ സർവ്വകലാശാലാ യൂണിയനുകൾ. വിദ്യാർത്ഥി കൗൺസിലുകൾ എന്നിവയുടെ സജീവ പങ്കാളിത്തം ഉറപ്പു വരുത്തുന്നതുമാണ്. ജില്ലാ തലത്തിലും അസംബ്ലി നിയോജക മണ്ഡലം തലത്തിലും കോർപ്പറേഷൻ/ മുൻസിപ്പാലിറ്റി/പഞ്ചായത്ത്തലങ്ങളിലും ജനകീയ കമ്മിറ്റികൾ രൂപീകരിച്ചു മദ്യാസക്തി

8.4.26

| | | |
|---|---|---|
| | | ശക്തമായും വ്യാജമദ്യ വിപണനത്തിനെതിരായും ശക്തമായ ക്യാമ്പയിനുകൾ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത സമിതികൾക്ക് എവിടെ നിന്നാണ് ഫണ്ട് ലഭ്യമാകുന്നത്; | ~~സമിതികൾക്കായി~~ എല്ലാ ജില്ലകളിലും മദ്യാസക്തിക്കെതിരായ പ്രചാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 20 ലക്ഷം രൂപ നടപ്പുവർഷത്തിൽ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത സമിതികൾ പഞ്ചായത്ത് തലത്തിലേക്ക് വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ? | എക്സൈസ് റേഞ്ച് തലത്തിൽ വരെ ജനകീയ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് തലത്തിലും സമിതികൾ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 489 | 16-7-2007 - ൽ മറുപടിയ്ക്ക് |
|---|---|

## പതിനൊന്നാം പഞ്ചവത്സര പദ്ധതിയിൽ വിഭാവനം ചെയ്യുന്ന കാർഷിക നേട്ടം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ. പി.കെ. അബ്ദുറബ്ബ്<br>ശ്രീ. എം. ഉമ്മർ | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) പതിനൊന്നാം പഞ്ചവത്സര പദ്ധതിയിൽ വിഭാവനം ചെയ്യുന്ന കാർഷിക മേഖലയിലെ അർഹമായ നേട്ടം മുഴുവനും അനുഭവത്തിൽ വരുത്തുന്നതിന് സംസ്ഥാന ഗവ. കർമ്മപരിപാടികൾ തയ്യാറാക്കിയിട്ടുണ്ടോ; | എ) ഉണ്ട്." |
| ബി) എങ്കിൽ ഇതിലേക്ക് കർഷകർക്ക് സഹായങ്ങളും നിർദ്ദേശങ്ങളും നൽകാനും കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനുമായി എന്തെങ്കിലും പരിശീലന പദ്ധതി ആലോചനയിലുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ? | ബി) ഉണ്ട്.<br>കേന്ദ്രസർക്കാരിന്റെ സംസ്ഥാനങ്ങളിലെ കാർഷിക വിജ്ഞാനവ്യാപനത്തിനുള്ള "സ്പെഷ്യൽ സപ്പോർട്ട് പദ്ധതി" പ്രകാരം വിജ്ഞാനവ്യാപന പരിപാടികൾ ഏകോപിപ്പിച്ച് കർഷകർക്ക് പരിശീലനം നല്കുന്ന പദ്ധതി ആലോചനയിലുണ്ട്. കാർഷികാധിഷ്ഠിത പരിപാടികളുടെ പരിശീലനം, ഗവേഷണവ്യാപനത്തിന്റെ പരിശീലനം എന്നീ തരത്തിൽ പരിശീലന പരിപാടി വേർതിരിച്ച് നടപ്പിലാക്കാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. ആത്മ (ATMA) എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന ഈ പദ്ധതി ഈ സാമ്പത്തിക വർഷംതന്നെ ആരംഭിക്കുന്നതാണ്. |

൨-

3.429

കൂടാതെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 5 ആർ.എ.റ്റി.റ്റി.സി ട്രെയിനിംഗ് സെന്ററുകൾവഴിയും 2 ഫാർമേഴ്സ് ട്രെയിനിംഗ് സെന്ററുകൾവഴിയും വിവിധ വിഷയങ്ങളിൽ കർഷകർക്ക് പരിശീലനം നൽകിവരുന്നു. സംസ്ഥാനത്ത് നടപ്പിലാക്കുന്നവിവിധ പദ്ധതികളുടെ ഭാഗമായി കൃഷി ഭവൻ തലത്തിലും, ബ്ലോക്ക് തലത്തിലും, ജില്ലാതലത്തിലും കർഷകർക്ക് പരിശീലന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 490* | 16.7.2007 ൽ മറുപടിക്ക്

### പാളയം-ബേക്കറി ജംഗ്ഷൻ മേൽപ്പാത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.വി. ശക്തൻ :<br>ശ്രീ. വർക്കല കഹാർ : | ഷെവ. ടി. യു. കുരുവിള<br>(ബഹു: മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) പാളയം-ബേക്കറി ജംഗ്ഷൻ മേൽപ്പാതയുടെ നിർമ്മാണം സ്തംഭനാവസ്ഥയിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇതിന്റെ പണി അനിശ്ചിതമായി നിർത്തിവച്ചിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ ; | (ബി) എഗ്രിമെന്റ് കാലാവധിക്കുള്ളിൽ സ്ഥലം ഏറ്റെടുത്ത് നിർമ്മാണ കമ്പനിക്ക് കൈമാറാൻ കഴിയാത്തതിനാൽ കരാറുകാർ പണി നിറുത്തിവച്ചിരിക്കുകയാണ്. |
| (സി) മേൽപ്പാതയുടെ പണി പുനരാരംഭിക്കുന്നതിന് എന്തെന്താക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (സി) എഗ്രിമെന്റ് പുതുക്കുന്നതിന് ആവശ്യമായ നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ് |
| (ഡി) പണി പൂർത്തിയാക്കുന്നതിന് എന്ത് തുക ഇനിയും വേണ്ടി വരുമെന്ന് വെളിപ്പെടുത്തുമോ ; | (ഡി) തിരുവനന്തപുരം നഗരവികസന പദ്ധതി മൊത്തം അടങ്കൽ ആയി B.O.T Annuity പ്രകാരം നിർമ്മാണ കമ്പനിയെ ഏൽപ്പിച്ചിരിക്കുന്നതിനാൽ ഓരോ പണിക്കും പ്രത്യേകം തുക നിശ്ചയിക്കുകയോ അതിനായി പണം നൽകുകയോ ചെയ്യാൻ വ്യവസ്ഥയില്ല. മൊത്തം കരാർ പണികൾ തീർക്കുന്ന മുറയ്ക്ക് കമ്പനിക്ക് ഘട്ടം ഘട്ടമായി പണം നൽകുന്നതാണ്. |
| (ഇ) പ്രസ്തുത മേൽപ്പാലം എന്നത്തേക്ക് പൂർത്തിയാക്കാനാവുമെന്ന് വെളിപ്പെടുത്തുമോ ? | (ഇ) എഗ്രിമെന്റ് പുതുക്കിയതിന് ശേഷം മാത്രമേ മേൽപ്പാലത്തിന്റെ പണി തീർക്കുന്ന തീയതി നിശ്ചയിക്കാനാവൂ. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 491

16.07.2007 -ൽ മറുപടിക്ക്

## നെൽകൃഷി ലാഭകരമാക്കാൻ പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.കുട്ടി അഹമ്മദ് കുട്ടി<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) നെൽകൃഷി നഷ്ടമായത് കൊണ്ട് നിലം തരിശ് ഇടുകയോ മറ്റ് കൃഷികൾ ചെയ്യുകയോ ചെയ്യുന്ന പ്രവണത നില നില്ക്കുന്നതിനായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട് |
| ബി) നെൽകൃഷി നഷ്ടമാകുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ്; | ബി) നെൽകൃഷി നഷ്ടമാകുന്നതിന്റെ പ്രധാന കാരണങ്ങൾ ചുവടെ ചേർക്കുന്നു.<br>(1)മറ്റു വിളകളെ അപേക്ഷിച്ച് നെൽകൃഷിക്കുണ്ടാകുന്ന അധികചെലവ്<br>(ii) കൃഷി ചെലവിനെ അപേക്ഷിച്ച് കുറഞ്ഞ വരുമാനം<br>(iii)അവശ്യസമയങ്ങളിൽ പ്രത്യേകിച്ച് കൊയ്ത്ത് സമയങ്ങളിലെ തൊഴിലാളികളുടെ ദൗർലഭ്യം<br>(iv)ആളോഹരി ഭൂമിയിലുണ്ടായ കുറവ്<br>(V) ആധുനിക കാർഷിക യന്ത്രങ്ങളുടെ അഭാവം<br>(vi) അപ്രതീക്ഷിതമായുണ്ടാകുന്ന പ്രകൃതിക്ഷോഭവും രോഗകീടാക്രമണങ്ങളും |
| (സി) നെൽകൃഷി ലാഭകരമാക്കാൻ ഗവൺമെന്റിന് പദ്ധതിയുണ്ടോ; | (സി) ഉണ്ട്. കൂട്ടായ കൃഷി പണിയിലൂടെ ചെലവ് ഗണ്യമായി കുറയ്ക്കാനാകും എന്ന ആശയം ഉൾക്കൊണ്ട് 1989-90-ൽ തുടക്കം കുറിച്ച ഗ്രൂപ്പ് ഫാമിംഗ് പദ്ധതി കൂടുതൽ കാര്യക്ഷമമാക്കി നട |

പ്പിലാക്കാൻ ലക്ഷ്യമിടുന്നു. നെൽകൃഷിക്ക് പ്രകൃത്യാ തന്നെ സാദ്ധ്യതയുള്ളതും നെൽകൃഷി വികസന ഏജൻസിയുടെ പരിധിയിൽ വരുന്നതുമായ മേഖലകളിൽ ഈ പദ്ധതി നടപ്പിലാക്കുവാനാണ് ലക്ഷ്യമിടുന്നത്. 40,000 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കുന്നതിന് ഹെക്ടറൊന്നിന് 1500 രൂപ. ധനസഹായം നൽകും. ഇതിനു പുറമെ താഴെ പറയുന്ന പദ്ധതികളും നടപ്പിലാക്കി വരുന്നു.

(i) തരിശുഭൂമി കൃഷി പദ്ധതി (ഹെക്ടറൊന്നിന് 500 രൂപ. ധനസഹായം)

(ii) അത്യുൽപാദനശേഷിയുള്ള നെൽവിത്തുകൾ ഉത്പാദിപ്പിക്കുന്നതിനുള്ള പദ്ധതി (ഹെക്ടറിന് 4000 രൂപ)

(iii) സംയോജിത വളപ്രയോഗം

(iv) സംയോജിത രോഗകീടനിയന്ത്രണം

(v) പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യവികസനം

(vi) നെല്ല് സംഭരണം (ക്വിന്റലിന് 850 രൂപ)

(vii) ഉത്പാദന ബോണസ്

(viii) ഭൂപരിധിയില്ലാതെ വൈദ്യുതി സൗജന്യം

(ix) ചെറുകിട കാർഷികയന്ത്രവത്കരണം. / ഇതിനു പുറമെ 2007-08-ൽ നടപ്പാക്കാനുദ്ദേശിക്കുന്ന നൂതന പദ്ധതികൾ ചുവടെ കൊടുക്കുന്നു.

(1) നെൽ പാടങ്ങളിൽ മൂന്നാംവിള കാലത്ത് അധികവിള ഉത്പാദനം (10,000 ഹെക്ടറിൽ പയർ,പച്ചക്കറി,എള്ള്,നിലക്കടല തുടങ്ങിയ വിളകൾ)

(2) ചെറുകിട സംസ്കരണ വിപണന രംഗത്ത് 600 യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായം ലഭ്യമാക്കുന്ന പദ്ധതി

(3) ആധുനിക കാർഷിക യന്ത്രങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്ന പദ്ധതി

(4) ആലപ്പുഴ,തൃശ്ശൂർ,പാലക്കാട്, ജില്ലകളിൽ നെൽകർഷകർക്ക് കുറഞ്ഞ നിരക്കിൽ വായ്പ ലഭ്യമാക്കുന്ന പദ്ധതി

(5) സംരക്ഷിത നെൽമേഖലയിൽ

(ഡി) എങ്കിൽ ഇതുമൂലം എത്ര ഏക്കർ ഭൂമിയിൽ നെൽകൃഷി പുനരാരംഭിക്കാൻ സാധിക്കുമെന്നും എത്രമാത്രം നെല്ല് കൂടുതൽ ഉത്പാദിപ്പിക്കാൻ സാധിക്കുമെന്നും കണക്കാക്കിയിട്ടുണ്ട് ?

പലിശരഹിത വായ്പ നൽകുന്ന പദ്ധതി നടപ്പിലാക്കും.

(6) സംരക്ഷിതമേഖലയിലെ നെൽ കൃഷിക്കാർക്ക് ഗ്രീൻകാർഡ് നൽകുന്നതിന് നടപടി സ്വീകരിക്കും.

(7) നെൽ സംഭരണത്തിന് പുതിയ നാല് റൈസ് മില്ലുകൾ തുടങ്ങും.

(ഡി) നിലവിൽ നടപ്പാക്കി വരുന്ന പദ്ധതികളും 2007-08-ൽ നടപ്പാക്കാൻ ലക്ഷ്യമിടുന്ന പദ്ധതികളും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന പദ്ധതികളും സമന്വയിപ്പിച്ച് "കേരളശ്രീ " എന്ന സമഗ്ര നെൽകൃഷി വികസന പദ്ധതി നടപ്പിലാക്കി നെൽകൃഷിയുടെ വിസ്തീർണ്ണം 7.5 ലക്ഷം ഏക്കറും ഉത്പാദനം 7.8 ലക്ഷം ടണ്ണും ആയി ഉയർത്തുവാൻ സാധിക്കുമെന്നും കണക്കാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 492 16-07-2007-ന് വാങ്മൂലം മറുപടിയ്ക്ക്

വാഹനാപകടങ്ങളും മരണവും

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു<br>ശ്രീ. വി. ശശികുമാർ<br>ശ്രീ. കെ. കുഞ്ഞിരാമൻ<br>ശ്രീമതി ജെ. അരുന്ധതി<br>ശ്രീ. പി. ടി. എ. റഹീം | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് വാഹനാപകടങ്ങളും അതുമൂലമുള്ള മരണങ്ങളും വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| ബി) ഇതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | ബി) ഉണ്ട്. ക്രമാതീതമായ വാഹനപ്പെരുപ്പം, അതിനനുസരിച്ചുള്ള റോഡുകളുടെ അപര്യാപ്തത, അശ്രദ്ധമായും അപകടകരമായും വാഹനങ്ങൾ ഓടിയ്ക്കുക, മദ്യപിച്ചുകൊണ്ടും മൊബൈൽഫോൺ ഉപയോഗിച്ചുകൊണ്ടും വാഹനം ഓടിക്കുക, വാഹനങ്ങൾ തമ്മിലുള്ള മൽസര ഓട്ടം; വാട്ടർ അതോറിറ്റി, ഇലക്ട്രിസിറ്റി, ടെലഫോൺസ് തുടങ്ങിയ വകുപ്പുകൾ അശാസ്ത്രീയമായ വിധം റോഡുകൾ വെട്ടി മുറിയ്ക്കുന്നതുമൂലം റോഡുകളിലുണ്ടാകുന്ന തകരാറുകൾ |

യഥാസമയം തീർക്കാതിരിക്കുക, നടപ്പാതകളുടെ അപര്യാപ്തത, കാലഹരണപ്പെട്ട വാഹനങ്ങൾ സർവീസിന് ഉപയോഗിക്കുക മുതലായവയാണ് വാഹനാപകടങ്ങൾ വർദ്ധിക്കുന്നതിനുള്ള പ്രധാന കാരണങ്ങൾ.

| | | | |
|---|---|---|---|
| സി) | വാഹനങ്ങളുടെ അമിത വേഗം കണ്ടുപിടിക്കുന്നതിനുള്ള സംവിധാനം ഫലപ്രദമായി പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | സി) | വാഹനങ്ങളുടെ അമിത വേഗം കണ്ടുപിടിക്കുന്നതിന് സ്പീഡ് റഡാർ ഉപയോഗിച്ചുള്ള സ്പീഡ് ചെക്കിംഗ് സംവിധാനം കൂടുതൽ ഫലപ്രദമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| ഡി) | ട്രാഫിക് നിയമ ലംഘനങ്ങൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമോ; | ഡി) | ശക്തമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്. |
| ഇ) | അടുത്തകാലത്ത് സംസ്ഥാനത്തുണ്ടായ വാഹനാപകടങ്ങളിൽ ഹെൽമറ്റ് ധരിച്ച എത്രപേർ തലയ്ക്ക് ക്ഷതമേറ്റ് മരണപ്പെട്ടിട്ടുണ്ട് ? | ഇ) | അടുത്തകാലത്ത് സംസ്ഥാനത്തുണ്ടായ വാഹനാപകടങ്ങളിൽ ഹെൽമറ്റ് ധരിച്ച 10 പേർ തലയ്ക്ക് ക്ഷതമേറ്റ് മരണപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം : **493** — **16.07.2007 ൽ മറുപടിക്ക്.**

**ജസ്റ്റീസ് കെ. ടി. തോമസ് കമ്മീഷൻ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജാജി മാത്യു തോമസ്<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ<br>ശ്രീ. എ. കെ. ചന്ദ്രൻ<br>ശ്രീ. എൻ. അനിരുദ്ധൻ<br>ശ്രീ. വി. എസ്. സുനിൽ കുമാർ | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) പോലീസ് സേനയിൽ നടപ്പിലാക്കേണ്ട പരിഷ്ക്കാരങ്ങളെക്കുറിച്ച് ജസ്റ്റിസ് കെ. ടി. തോമസ് കമ്മീഷൻ സമർപ്പിച്ചിട്ടുള്ള പ്രധാന ശുപാർശകൾ എന്തെല്ലാമാണ് ; | : (എ) ജസ്റ്റീസ് കെ.ടി.തോമസ് കമ്മീഷൻ സമർപ്പിച്ചിട്ടുള്ള പ്രധാന ശുപാർശകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) ഈ ശുപാർശകളെല്ലാം അംഗീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം ശുപാർശകളാണ് നടപ്പിലാക്കി തുടങ്ങിയിട്ടുള്ളതെന്നു വെളിപ്പെടുത്തുമോ ; | : (ബി) നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |

(Cntd......2/-)

3.4.23

(സി) ക്രമസമാധാനപാലനവും കുറ്റാന്വേഷണവും വേർതിരിക്കണമെന്ന ശുപാർശയിൻമേൽ എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

: (സി) ക്രമസമാധാനവും കുറ്റാന്വേഷണവും വേർതിരിച്ച് പരീക്ഷണാർത്ഥം തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് സിറ്റികളിൽ നടപ്പിലാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

# അനുബന്ധം

<u>ജസ്റ്റിസ് കെ. ടി. തോമസ് കമ്മീഷൻ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ</u>

1) പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും വ്യത്യസ്തമായി ഒരു സെലക്ഷൻ ഗ്രേഡ് ജില്ലാ ജഡ്ജിയുടെ നേതൃത്വത്തിൽ പോലീസ് ഇൻസ്പെക്ടർ ജനറലും ഒരു സിവിൽ ഉദ്യോഗസ്ഥനും അംഗങ്ങളായും ഒരു പൂർണ്ണസമയ ഉദ്യോഗസ്ഥൻ സെക്രട്ടറിയുമായുള്ള ഒരു പ്രത്യേക റിക്രൂട്ടിംഗ് ബോർഡ് രൂപീകരിക്കേണ്ടതാണ്.

2) പോലീസ് ഉദ്യോഗസ്ഥർക്ക് ക്രമമായി വകുപ്പുതല പരിശീലനം നൽകിയിരിക്കേണ്ടതാണ്.

3) പോലീസ് സ്റ്റേഷനുകളുടെ മുമ്പിൽ ആയുധം ധരിച്ചു നിൽക്കുന്ന പാറാവുകാരനെ മാറ്റി പകരം പോലീസ് സ്റ്റേഷനുകളിൽ റിവോൾവർ ധരിച്ചുകൊണ്ട് എന്നാൽ ടി റിവോൾവർ പുറത്തുകാണിക്കാതെ നിൽക്കുന്ന പോലീസ് സേനാംഗത്തെ നിയോഗിക്കേണ്ടതാണ്.

4) പോലീസ് സ്റ്റേഷനിൽ ഒരു വനിതാ പോലീസ് കോൺസ്റ്റബിൾ റിസപ്ഷനിസ്റ്റായി ജോലി ചെയ്യേണ്ടതാണ്.

5) ലോക്കപ്പുകൾ പോലീസ് സ്റ്റേഷനുകളിൽ നിന്നും വേർതിരിക്കേണ്ടതാണ്. എല്ലാ സബ്ഡിവിഷനുകളിലും കേന്ദ്രീകൃത ലോക്കപ്പ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. തടവുകാരെ അത്തരം കേന്ദ്രീകൃത ലോക്കപ്പുകളിൽ മാത്രമേ പാർപ്പിക്കാൻ പാടുള്ളൂ.

6) പോലീസ് സ്റ്റേറ്റ്മെന്റിൽ സാക്ഷികൾക്കു ഒപ്പിടാൻ കഴിയുന്ന തരത്തിൽ ക്രിമിനൽ നടപടി ക്രമത്തിലെ (സി.ആർ.പി.സി.) 162-ാം വകുപ്പ് ഭേദഗതി ചെയ്യേണ്ടതാണ്.

7) ചെന്നൈ/ബാംഗ്ലൂർ/ഹൈദരാബാദ്/മധുര/തിരുനെൽവേലി/സേലം എന്നിവിടങ്ങളിലെ പോലീസ് കമ്മീഷണർമാരിൽ നിക്ഷിപ്തമായിട്ടുള്ളതുപോലുള്ള അധികാരം, തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, എന്നിവിടങ്ങളിലെ പോലീസ് കമ്മീഷണർമാർക്കും നൽകേണ്ടതാണ്.

൮) കേസുകൾ പോസ്റ്റ് ചെയ്യുന്ന എല്ലാ ദിവസങ്ങളിലും പതിവായി തടവുകാരെ ഹാജരാക്കുന്ന നിലവിലുള്ള സമ്പ്രദായത്തിൽ മാറ്റം വരുത്തിക്കൊണ്ട് തടവുകാർക്ക് അകമ്പടി പോകുന്ന സമ്പ്രദായം പരിമിതപ്പെടുത്തേണ്ടതാണ്.

൯) കമ്മ്യൂണിറ്റി പോലീസിംഗ് സംബന്ധിച്ച ഒരു പദ്ധതി തയ്യാറാക്കി ആയതു പോലീസ് മാനുവലിൽ ഉൾപ്പെടുത്തുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ടി ഡി.ജി.പി., ഒരു മുതിർന്ന ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതാണ്.

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ :494

16-7-2007-ൽ മറുപടിയ്ക്ക്

ടൂറിസം കേന്ദ്രങ്ങൾ മാലിന്യമുക്തമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.യു.സി.രാമൻ :<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് :<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി). |
| (എ) സംസ്ഥാനത്തെ വിനോദ സഞ്ചാര കേന്ദ്രങ്ങൾ ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) വിനോദ സഞ്ചാര കേന്ദ്രങ്ങൾ പ്ലാസ്റ്റിക്കും മറ്റു വസ്തുക്കളും കൊണ്ട് മലിനീകരിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിനോദ സഞ്ചാര കേന്ദ്രങ്ങൾ മാലിന്യമുക്തമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ബി) ഉണ്ട്. ടൂറിസ്റ്റ് കേന്ദ്രങ്ങൾ വൃത്തിയാക്കുന്നതിനൊപ്പം മാലിന്യ നിർമ്മാർജ്ജനത്തിനും, സംസ്കരണത്തിനും ധാരാളം പദ്ധതികൾ നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ എല്ലാ പ്രധാന ടൂറിസം കേന്ദ്രങ്ങളിലും കുടുംബശ്രീയുമായി ചേർന്ന് ക്ലീൻ ഡസ്റ്റിനേഷൻ കാമ്പയിനിന്റെ ഭാഗമായി 87 കേന്ദ്രങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്. കോവളം, മൂന്നാർ ടൂറിസം മേഖലകളിൽ പഞ്ചായത്തുമായി ചേർന്ന് മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ |

- - - 2

3.4.14

നടപ്പിലാക്കി വരുന്നുണ്ട്. "മാലിന്യ വിമുക്ത കേന്ദ്രങ്ങൾ " എന്ന പുതിയ പദ്ധതിയുടെ കീഴിൽ വേളി, ആക്കുളം, ശംഖുമുഖം, കുമരകം, ഫോർട്ട്കൊച്ചി, തേക്കടി, കോഴിക്കോട് ബീച്ച്, ബേക്കൽ എന്നീ 6 കേന്ദ്രങ്ങൾ ഉൾപ്പെടുത്തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കുടുംബശ്രീയുടെയും എൻ.ജി.ഒ.കളുടെയും സഹകരണത്തോടെ നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - *495 16.7.2007 ൽ മറുപടിക്ക്

## <u>കെട്ടിടങ്ങൾക്ക് വാടക നിശ്ചയിക്കുന്നതിന്റെ മാനദണ്ഡം</u>

| ചോദ്യം | ഉത്തരം. |
| --- | --- |
| ശ്രീ. വി.ശിവൻകുട്ടി<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. സാജുപോൾ<br>ശ്രീ. വി.ജെ.തങ്കപ്പൻ<br>ശ്രീ.പി.വിശ്വൻ | ഷെവ. റ്റി. യു. കുരുവിള.<br>(മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) സർക്കാർ ആവശ്യത്തിന് വാടകയ്ക്കെടുക്കുന്ന കെട്ടിടങ്ങളുടെ വാടക നിശ്ചയിക്കുന്നതിന് പൊതുമരാമത്ത്വകുപ്പ് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്തെല്ലാമാണ്; | (എ) 9.3.1995 ലെ സർക്കാർ ഉത്തരവ് GO (MS) No. 16/95/PW&T -ലെ നിബന്ധനകളും, പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം ചീഫ് എൻജിനീയർ അതാത് സമയങ്ങളിൽ നിലവിലുള്ള ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരം കെട്ടിടങ്ങളുടെ വില നിർണ്ണയിക്കുന്നതിനുവേണ്ടി പുറപ്പെടുവിക്കുന്ന സർക്കുലറിലെ നിബന്ധനകൾക്കും അനുസൃതമായാണ് വാടക നിശ്ചയിക്കുന്നത്. ഇവ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) വാടക നിർണ്ണയത്തിൽ അപാകത ഉണ്ടോ എന്ന് പരിശോധിക്കുന്നതിന് എന്തു സംവിധാനമാണുള്ളത്; | (ബി) വാടക നിർണ്ണയത്തിൽ സാധാരണ ഗതിയിൽ അപാകത ഉണ്ടാകാറില്ല. വിവിധ തലങ്ങളിലെ ഉദ്യോഗസ്ഥൻമാർക്ക് സാമ്പത്തിക പരിധി നിശ്ചയിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ പഴക്കം തുടങ്ങിയ കാര്യങ്ങൾ ബന്ധപ്പെട്ട തഹസിൽദാർമാരിൽ നിന്നും വാങ്ങിയതിനു ശേഷമാണ് വാടക നിർണ്ണയിക്കുന്നത്. |

| | |
| --- | --- |
| (സി) സർക്കാർ കെട്ടിടങ്ങളിലെ ഒഴിഞ്ഞു കിടക്കുന്ന ഭാഗങ്ങളിലേക്ക് വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ ആഫീസുകൾ മാറ്റുന്നത് സംബന്ധിച്ച പഠനം നടത്താൻ കമ്മിറ്റിയെ നിയോഗിക്കുമോ? | (സി) ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ

5.475(2) #02

GOVERNMENT OF KERALA

Abstract

P.W.D. - Private Building taken on rent for Government purposes Unified and Revised instructions - Orders Issued.

---

PUBLIC WORKS & TRANSPORT (E) DEPARTMENT

G.O.(Ms) No.16/95/PW&T. Dated, Thiruvananthapuram, 9-3-1995.

---

Read:- 1. G.O.(Ms) No.199/73/PW. dated, 26-9-1973.
2. Circular No.1-51719/B1/82/PW dated, 24-6-1983.
3. Circular No. II-51719/B1/82/PW dated, 24-6-1983.
4. Circular No. 10379/B2/83/PW dated 2-12-1983.
5. G.O.(Ms) No.25/87/PW&T dated 27-2-1987.
6. Circular No. 43508/B2/87/PW&T dated 25-9-1987.
7. Circular No. 35067/E2/88/PW&T dated 11-7-1988.
8. Circular No. 22603/E2/90/PW&T dated 21-11-1990.
9. G.O.(Rt)No. 1409/93/PW&T dated 22-10-1993.
10. Circular No. 13547/E2/91/PW&T dated 5-7-94.

ORDER

As per Circulars and Government Orders read above, Government have issued instructions and norms to be followed when private buildings are taken on rent for accommodating Government Offices. It has been brought to the notice of the Government that norms and instructions contained in the orders read above are not being strictly followed by many departments. To enable all departments to adhere to common norms and procedure and to ensure strict adherence the above orders are consolidated. Accordingly Government are pleased to order as under:-

I. Private building should be taken on rent for Government purpose only with the permission of the Government in the concerned Administrative Department in the Government Secretariat.

(a) The Private buildings shall be occupied by any department in advance only in cases where the owner has agreed to accept the rent fixed by PWD or that demanded by the owner which ever is less.

II. All proposal for sanction and payment of rent should be forwarded to Government only through the Head of the department.

P.T.O.

Section Officer

S 495 (3)

III. As far as possible all Government departments should hire only cheap functional type buildings located outside posh localities for accommodating their offices.

IV. The buildings wing of the PWD alone will be competent to fix the rent and issue rent certificate for all Government departments. The rent fixed by PWD will be in force for a minimum period of 3 years.

V. The Executive Engineer, Buildings Division of the territorial Jurisdiction will act as the estate officer and performs the duties in connection with occupation and rent fixation of private buildings taken on rent for Government purpose.

VI. The private building may be taken on rent and occupied by the department only after satisfying the following conditions.

(1) A consent letter from the owner of the building is obtained to the effect that the owner is agreeable to the rent fixed by PWD/demanded by the owner whichever is less. (In the case of special rent, the building owner's request for special rent should be obtained).

(2) A certificate regarding the Non-availability of Government building in the locality is obtained from the building wing of PWD. In the cases where Civil Stations and Mini Civil Stations exists, Building Division of PWD will obtain a certificate from District Collector to the effect that no space is available in the Civil Stations or Mini Civil Station.

(3) A certificate from the Head of the Office/Department to the effect that no other private building at a lesser rate of rent is available in the locality is produced.

VII. The Executive Engineer, will arrange to prepare the plan of the building and Land and will evaluate the rent to be paid adopting the conditions as shown in appendix-I.

VIII. The payment of rent will be the responsibility of the occupying departments from their funds. Payment should be made only after executing a lease deed for the period for which the building is required or 3 years whichever is less. No revision of rate will be allowed during this period.

....3.

IX. The space required for accommodating various categories of staff is prescribed in the appendix-II.

X. Excess area

(a) If the carpet area of the building occupied upto $50 m^2$ or the excess area is within 50% of the area fixed as per norms then the Administrative Department can sanction the rent and make payment without referring to the PWD or Finance Department in the Secretariat provided the rent to be paid is at PWD rate and upto Rs.5000/-p.m. Above Rs.5000/- concurrence of PWD/Finance Department is necessary.

(b) In the case of Krishibhavan the Admissible area will be $125 m^2$.

(c) To avoid payment of excess rent by way of occupying area far in excess, attempts should be made by the Head of the Office/Executive Engineer to accommodate other Government Offices if any in the locality. A certificate that attempts have been made should be produced for verification by the rent committee.

XI. Special rent

(a) Special rent can be considered only in exceptional cases and should not be treated as a matter of routine.

(b) For sanctioning special rent, rent certificate from PWD Building Divisions will also be obtained for comparison.

(c) Special rates will be in force for a minimum period of 5 years.

XII. Revision of rent

(a) The owner of the building is eligible for revision of rent only after the expiry of the lease deed or the date of requisition of the owner for revision of rent which ever is later.

(b) Cases of excess area need not be referred to the rent committee at the time of revision, if the same has been approved earlier while fixing the previous rent.

XIII. Rent Committee.

(a) The Rent Committee will consists of Secretary (Public Works) Secretary (Finance Expenditure) and Chief Engineer, Buildings and Local Works.

(b) This committee will look into the proposal for admitting Special rent, and acceptance of excess carpet area more than 50% of the admissible carpet area.

(c) For any matter to be considered by this committee the same has [illegible] of the concerned Administrative

(d) In order to ensure that all necessary information and details required by the committee for taking speedy and correct decisions are furnished to the committee. In such cases a proforma has been prescribed in Appendix-III). All department of the Secretariat may be requested to furnish 6 copies of the duly filled proforma, signed by the Secretary of the Administrative Department.

(e) The Extracts of the minutes of the rent committee meeting shall be communicated to the concerned Administrative Department after perusal by the Minister, Works. The Administrative Department will forward the case to the Finance Department after circulating the file to the Minister concerned.

XIV. Government direct that the departmental officers should specifically follow the norms and procedure laid down in the matter. Maximum economy should be practised in taking private buildings on rent for Government purpose. If any officer takes a building violating these norms and instructions he will be held personally responsible and is liable to pay the excess of rent fixed by the PWD from his salary.

By Order of the Governor

N. Ramakrishnan,
Commissioner & Secretary.

Forwarded/By Order

Sd/-

Section Officer.

Endt. on No. BB-59974/90 dt. 20-12-95.
Copy with copy of enclosures are forwarded to the Superintending Engineer, Buildings & Local Works, Central Circle, Thrissur for necessary action.

Sd/-
for Chief Engineer.

...ic/3/1.

Section Officer

## Appendix - I

Executive Engineer will arrange to prepare the plan of the building and land and will evaluate the rent to be paid adopting the following principles.

(i) The plinth area will be worked out based on the circulars and orders of Government or Chief Engineer from time to time.

(ii) The plinth area rate and rates of valuation of other items as given in the Technical circular based on the current schedule of rates will be adopted.

(iii) The Building will be classified with reference to quality of construction, materials etc. and appropriate depreciation will be applied based on Technical Circulars.

(iv) 6% (six percent) of this depreciated value will be the annual rent component.

(V) The area of land for which the rent is to be calculated is the least out of the following:-

(a) The actual area of the plot.

(b) The area furnished in the land value certificate based on Revenue Records.

(c) The area of land actually made available for the exclusive use of the building which should be given in proforma by the occupying Department.

(d) The area commuted by taking 3 times plinth area of main building and 1½ times plinth area of out houses.

(vi) Value of the land for the least of the area as above will be worked out at the rate specified in the land value certificate and 4% (four percent) of this will be taken as annual rent component.

(vii) If the occupying department is in need of the use the land in excess of the area as per item vi. above, then specific request should be given to the Executive Engineer in the proforma to fix rent for this excess land. Cost of such excess area will be worked out at the rate fixed in the land value certificate

(viii) The annual re... of th... building will be the total of item iv, vi and vi... and monthly rent will be one twelth of this. The ...thly rent will be rounded to the nearest rupee and rent certificate issued by the Executive Engineer.

(ix) The powers of the Executive Engineer to approve rent calculation will be upto Rs. 1,000/- p.m. The powers of the Superintending Engineer will be upto Rs. 5,000/- p.m. and above that by the Chief Engineer. The Executive Engineer will prepare the rent calculation and get the approval of the competent authority as above before issue of of rent certificate in cases of monthly rent above Rs. 1,000/- The rent certificate issued by the Executive Engineer in such cases should contain a mention as 'This issues with the approval of the Superintending Engineer, ...W/Chief Engineer, B&IW.

(x) The rent certificate will be forwarded to the office of the occupying department who has requested for the same. Delay at all levels for fixing of rent should be avoided.

......

[signature]
Section Officer

## APPENDIX- II

The space required for accommodating various categories of staff while hiring private buildings for accommodating Government offices are shown below:-

| | | |
|---|---|---|
| (i) | Gazetted Officers (below the rank of An Accountant General or Controller | 160 sq. ft. |
| (ii) | Non-Gazetted staff (clerks & Superintendents | - 40 sq. ft. |
| (iii) | Records - 10% of item (ii) above. | |
| | Water closet | - 100x150cms. |
| | Males | - 1 for first 40 and 1 for every 100 and part thereof. |
| | Females | - 1 for first 20 and 1 for every 100 and part thereof. |
| | Urinal (one cell) | - 65x75cms. |
| | Males | - 1 for first 50 and part thereof. |
| | Bathrooms, required in hospitals and residence) | - 120x150cms. |
| | Dining rooms | - 10 sq. ft. per person for ~~and~~ half number of occupants. |

Section Officer

Appendix - III

PROFORMA FOR PLACING BEFORE THE RENT COMMITTEE FOR CONSIDERATION

1. Name of Department and office
2. Details of staff and their scale of pay and Designation — G.Os. / N.G.Ds.
3. Name and address of the owner(s) of building and the land.
4. Location of the building
5. Actual plinth area of the building proposed to be taken for rent.
6. Carpet area required as per norms fixed by Government.
7. Actual carpet area of the building
8. If the area is in Excess of the normal spaceific reasons for taking this building on rent with larger area
9. Amount of rent fixed by PWD for this building.
10. Special rate of rent proposed by the Administrative Department.
11. Whether this is for initial fixation of rent or for revision of rent.
12. If this is for revision of rent furnish details of earlier fixation here.
13. Rate per sq. ft. of carpet area.
14. Has any negotiation been made with the owner regarding reduction of rate.
15. Has nonavailability certificate from DC/EE obtained
16. Specific reason for recommending special rent.
17. Any other remarks.

Secretary,
Section Officer
Department

S. 495 (10)

B1-59974/90

Office of the Chief Engineer,
PWD Buildings & Administration,
Thiruvanantghapuram – 695 033
Dated 03-12-2005

## TECHNICAL CIRCULAR

Sub:- Fixation of standard rent – Uniform rates – Reg.
Ref:- Technical Circular No. B8-59974/90 dated 7-9-1999 of the Chief Engineer, PWD Administration & DRIQ Board, Thiuvananthapuram

Standard rates were fixed vide circular under reference cited for calculating capital cost of buildings for the fixation of standard rent in case the booked expenditure is not known. The rates were fixed on the then prevailing cost of labour and materials. Now the Schedule of rates has been revised and hence it has been felt necessary to refix the rates fixed as per circular cited above. The revised rates are as follows:

| Item No. | Specification | Rate (in Rs.) |
|---|---|---|
| 1 | Building with rubble in lime/cement mortar for foundation and basement, brick in lime or brick in cement for superstructure, doors and windows with country wood, RCC roof slab or M.P. tiled roof over wooden rafters with ceiling etc. | |
| | (a) Single storeyed | 4042/m2 |
| | (Mosaic flooring will be separately measured and an extra rate of Rs. 236/m2 allowed) | |
| | (b)Portion like lean to verandah (open or trellised etc. and structure like car porch etc. to be valued separately) roofed with A.C sheet or tiles | 1938/M2 |
| | © For two storeyed building with specification as per item I | |
| | (i) Ground Floor | 4248/m2 |
| | (ii) First Floor | 4042/m2 |
| | (d)For three storeyed building with specification as per item I | |
| | (i) Ground floor | 4248/m2 |
| | (ii) First floor | 4042/m2 |
| | (iii) Second floor | 4248/m2 |
| | (iv) Third floor | 4454/m2 |
| | Proportionate increase of Rs. 206/m2 to plinth area for successive floors above third floor can be allowed | |
| | (e)Single storied building without ceiling and other specification as per item I | 3605/m2 |
| | (f)Out houses like bathroom garage etc. with specification as per item I | 2584/m2 |

Section Officer

C. 495(1)



| | | |
|---|---|---|
| II | Building with thatched roof and with ceiling, doors, windows etc. in which country wood is used | 3091/m2 |
| III | Semi-permanent shed with AC sheet or G.I. Sheet roofing over trusses etc. | 2244/m2 |
| IV | For building constructed using teak wood for all wood work add Rs. 368/m2 to corresponding items | |
| V | For building constructed using teak wood partly add Rs. 138/m2 to corresponding items (this may be decided by the inspecting officer) | |
| VI | For areas like Ernakulam where foundations are costly Rs. 479/m2 may be added but the reason has to be specifically stated. This does not mean extra charges due to site condition as the general land value will cover this extra | |
| VII | Building constructed with specification as per item I and the roof is with steel truss etc. for godowns and similar structures single storeyed | 4248/m2 |

Note: The above rates are fixed for the buildings constructed as per standard specification. The inspecting officers may fix a suitable rate as per site conditions and actual specification proportionate to the above and subject to the above maximum. These rates may be followed unless the work is found to be substandard. For substandard works proper deduction may be made from the approved rates. For buildings constructed with laterite Rs. 146/m2 is to be deducted from the rates noted above. For mud mortar construction for foundation and basement deduction of 2.5% may be effected from the above rates.

## WATER SUPPLY AND SANITARY FITTINGS

| | |
|---|---|
| (a) Water tap with connections | 362/E |
| (b) Shower with connections | 362/E |
| (c) Wash hand basin with waste connections etc. | 2726/E |
| (d) Indian water closet with flush tank | 2393/E |
| (e) Indian water closet without flush tank | 860/E |
| (f) European water closet with flushing cistern | 3445/E |
| (g) Septic tank with connections up to 25 users capacity | 10717/E |

## ELECTRICAL INSTALLATIONS

A: <u>Wiring in open PVC conduit using 1.5 Sq.mm Aluminium Single core wire with continuous earth wire of 14 SWG bare copper controlled with 5 A switch</u>

| | | |
|---|---|---|
| (i) | Light point with ceiling rose – | 218/E |
| (ii) | Light point without ceiling rose – | 203/E |
| (iii) | Call bell point – | 216/E |
| (iv) | Stair case point – | 327/E |

Section Officer

S.495(12)



| | | |
|---|---|---|
| (v) | Fan point – | 304/E |
| (vi) | Plug point in combined position with 5 A 3 pin plug and 5 A control switch – | 109/E |
| (vii) | Plug point in independent position with 5 A 3 pin plug and 5 A control switch – | 145/E |

**B:- Point using 1 Sqmm. Copper wire**

| | | |
|---|---|---|
| (i) | Light point with ceiling rose – | 259/E |
| (ii) | Light point without ceiling rose – | 244/E |
| (iii) | Call bell point – | 257/E |
| (iv) | Stair case point – | 328/E |
| (v) | Fan point – | 349/E |
| (vi) | Plug point in combined position – | 129/E |
| (vii) | Plug point in independent position – | 172/E |

**C:- Electrical Fittings:**

| | | | |
|---|---|---|---|
| (i) | AC call bell – | | 123/E |
| (ii) | Batten light fittings with bulb | | 34/E |
| (iii) | Bracket light fittings with bulb | | 124/E |
| (iv) | Pendent light fittings with bulb | | 49/E |
| (v) | Bulk head fitting with bulb | | 81/E |
| (vi) | Box type tube light fittings with tube on stiff (Hanging position ) | | 435/E |
| (vii) | –do- | on TW round block | 383/E |
| (viii) | –do- | on reaper | 406/E |
| (ix) | –do- | on angle iron frame work | 399/E |
| (x) | Out door double tube fluorescent fittings | | 1053/E |
| (xi) | Light duty exhaust fan | | 1597/E |
| (xii) | Ceiling fan | | 997/E |
| (xiii) | 15 A plug socket with 15 A switch | | 168/E |

Note: -

1. Constructions like lean to car porches supported on pillars are to be measured separately and valued.
2. Actual extent of land or land measuring 3 times the area of the main building plus 1 ½ times the area of out houses whichever is less need only be reckoned. Actual area calculation along with sketch showing measurements should accompany the valuation

2(a) If the occupants desire more area of land than that noted in clause (2) above, the rent per mensem for the excess area will be calculated at 1/6 % of the market value fixed by revenue authorities.

3. If only a portion of the building is occupied, proportionate area of land as per note 2 above is only to be allowed and for common amenities proportionate cost is to be allowed.

(signature)

Section Officer

4. Compound wall of permanent nature like rubble work pointed with cement mortar or cement plastered brick work with coping will be allowed a depreciation of 2% per annum and other 4%
5. For reckoning the cost of compound walls, usually full length of the compound wall on the road sides and half the length of the walls on the other sides are to be taken as half the length of the compound wall is constructed by the adjacent property owner. Cost of the full length compound wall on all the sides may be allowed if this is constructed by the owner. A certificate to this effect should be furnished

   In case of large compounds the cost of compound wall all around will be very high and is not required for the occupying tenant and hence the cost of compound wall plus gate has to be limited to 10% of the value of the building.
6. For well, details regarding diameter, depth, nature of steining etc. are to be furnished. If there is more than one well cost for only one well need be allowed.
7. A certificate stating the reasonableness of LS provisions if any is to be furnished.
8. These rates shall come into effect from 01-12-2004.

CHIEF ENGINEER

Section Officer

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

ചോദ്യം നമ്പർ–496 16/7/2007–ൽ മറുപടിയ്ക്ക്

## ജയിൽ പരിഷ്ക്കരണ ഉപദേശക ബോർഡ് ശുപാർശകൾ

ചോദ്യം ഉത്തരം

ശ്രീ.പി. ജയരാജൻ:

ശ്രീ. കെ.വി.കുഞ്ഞിരാമൻ: ശ്രീ.കോടിയേരി ബാലകൃഷ്ണൻ:

ശ്രീ. എ. പ്രദീപ് കുമാർ: (ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

ശ്രീ.സി. കെ. സദാശിവൻ:

ശ്രീമതി. കെ.കെ.ശൈലജ ടീച്ചർ:

| | |
|---|---|
| (എ). തടവുകാരുടെ വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് ജയിൽ പരിഷ് ക്കരണോപദേശക ബോർഡ് ശുപാർശകൾ സമർപ്പിച്ചിട്ടുണ്ടോ; | (എ) യും (ബി) യും. ജയിൽ പരിഷ്ക്കരണ ഉപദേശക ബോർഡ് ഇപ്പോൾ നിലവിലില്ല. 1991–1993 കാലഘട്ടത്തിൽ എ.പി.ഉദയഭാനു ചെയർമാനായുള്ള ജയിൽ റിഫോംസ് കമ്മിറ്റി നിലവിൽ ഉണ്ടായിരുന്നു. ഈ കമ്മിറ്റിയിൽ 179 ശുപാർശകൾ സമർപ്പിച്ചിരുന്നു. ആ ശുപാർശകൾ ഘട്ടം ഘട്ടമായി നടപ്പിലാക്കി വരുന്നു. പ്രസ്തുത ശുപാർശയനുസരിച്ച് ജയിലുകളിൽ തടവുകാരുടെ പാർപ്പിടസൗകര്യം, തൊഴിൽ പരിശീലനം, ചികിത്സാ സൗകര്യം എന്നിവ മെച്ചപ്പെടുത്തിയിട്ടുണ്ട്. തടവുകാരുടെ വേതനം കാലോചിതമായി പരിഷ് കരിച്ചു. ഒരു തുറന്ന ജയിൽ ആരംഭിച്ചു. സ് ത്രീ തടവുകാർക്ക് പ്രധാന ജയിലുകളോടനുബന്ധിച്ച് പ്രത്യേക ബ്ലോക്കുകൾ നിർമ്മിച്ചു. പരോൾ, പ്രിമെച്വർ റിലീസ് തുടങ്ങിയ കാര്യങ്ങളിലും കമ്മീഷന്റെ ശുപാർ |
| (ബി). ശുപാർശകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് ഇതിനകം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | |

3 . 496

| | |
|---|---|
| | ശകൾ പ്രകാരമുള്ള പരിഷ്കരണങ്ങൾ ഉണ്ടായിട്ടുണ്ട്. |
| (സി). ജയിലുകളിലെ സൗകര്യം മെച്ചപ്പെടുത്തുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വെളിപ്പെടുത്തുമോ? | (സി). ജയിലുകളിലെ സൗകര്യം മെച്ചപ്പെടുത്തുന്നതിനായി ഏഴ് പുതിയ ജയിലുകളുടെ നിർമ്മാണം നടന്നുവരുന്നു. പത്തനംതിട്ട ജില്ലയിൽ ഒരു പുതിയ സെൻട്രൽ ജയിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു . |

സെക്ഷൻ ആഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം : 497 — 16.07.2007 ൽ മറുപടിക്ക്.

## വനിതാ പോലീസുകാരുടെ പാറാവ് ഡ്യൂട്ടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി<br>ശ്രീ. പി. കെ. അബ്ദുറബ്ബ്<br>ശ്രീ. സി. ടി. അഹമ്മദ് അലി | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) പോലീസ് സ്റ്റേഷനുകളിൽ വനിതാ പോലീസുകാരെ രാത്രികാല പാറാവ് ഡ്യൂട്ടിക്ക് നിയോഗിക്കാറുണ്ടോ ; എങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ ; | : (എ) ഉണ്ട്. സ്റ്റേഷനുകളിൽ പാറാവ് ഡ്യൂട്ടിക്കാണ് സാധാരണയായി വനിതാ പോലീസുകാരെ നിയോഗിക്കുന്നത്. |
| (ബി) രാത്രികാല പാറാവ് ഡ്യൂട്ടിക്ക് ഒരു സ്റ്റേഷനിൽ എത്ര വനിതാ പോലീസുകാരെ നിയോഗിക്കാറുണ്ട് ; | : (ബി) രാത്രികാല പാറാവ് ഡ്യൂട്ടിക്ക് ഒരു സ്റ്റേഷനിൽ കുറഞ്ഞത് 2 വനിതാ പോലീസുകാരെ ലഭ്യതയനുസരിച്ച് നിയോഗിക്കുന്നുണ്ട്. |
| (സി) ഒരു വനിതാ പോലീസ് കോൺസ്റ്റബിളിനെ മാത്രം രാത്രികാല പാറാവ് ഡ്യൂട്ടിക്ക് നിയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | : (സി) ഒരു വനിതാ പോലീസ് കോൺസ്റ്റബിളിനെ മാത്രം രാത്രികാല പാറാവ് ഡ്യൂട്ടിക്ക് നിയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

(Ctnd......2/-)

3.4.97



(ഡി) വനിതാ കോൺസ്റ്റബിൾമാരെ രാത്രികാല പാറാവ് ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കുമോ ? : (ഡി) ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
5-ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.498 16.07.2007-ൽ മറുപടിക്ക്

ട്രാഫിക് സിഗ്നലും ട്രാഫിക് ബോർഡും

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ടി.പി. കുഞ്ഞുണ്ണി<br>ശ്രീ.എം. ഹംസ<br>ശ്രീ.കെ.കെ. ദിവാകരൻ<br>ശ്രീ.അൽഫോൺസ് കണ്ണന്താനം<br>ശ്രീമതി.പി. അയിഷാ പോറ്റി | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) റോഡുകളിൽ ആവശ്യമായ ട്രാഫിക് സിഗ്നലുകളും ട്രാഫിക് ബോർഡുകളും സ്ഥാപിക്കാത്തത് റോഡപകടങ്ങൾക്ക് കാരണമാകുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ട്രാഫിക് സിഗ്നലും, ബോർഡും സ്ഥാപിക്കുന്ന സ്ഥലങ്ങൾ നിശ്ചയിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്; | (ബി) ട്രാഫിക് സിഗ്നലുകൾ സ്ഥാപിക്കുന്ന സ്ഥലങ്ങളിലെ കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/പഞ്ചായത്ത് അധികൃതരും ബന്ധപ്പെട്ട പൊതുമരാമത്ത് ഉദ്യോഗസ്ഥരും പോലീസ് ഉദ്യോഗസ്ഥരും കൂട്ടായി ചർച്ച ചെയ്താണ് ആവശ്യമായ സ്ഥലങ്ങളിൽ ബോർഡുകൾ സ്ഥാപിക്കുന്നത്. റോഡപകടങ്ങൾ അപഗ്രഥിച്ച് അപകടങ്ങൾ ഉണ്ടാകുന്ന മേഖല തിരിച്ച് ടി സ്ഥലങ്ങളിൽ മുന്നറിയിപ്പു നൽകുന്ന ബോർഡുകൾ സ്ഥാപിക്കുകയും പ്രധാന കവലകളിൽ ഗതാഗത നിയന്ത്രണത്തിന് സിഗ്നൽ സംവിധാനം ഏർപ്പെടുത്തുകയുമാണ് നിലവിൽ ചെയ്തു വരുന്നത്. |

| | |
|---|---|
| (സി) ആഭ്യന്തര, ഗതാഗത വകുപ്പുകൾക്കും തദ്ദേശ സ്ഥാപനങ്ങൾക്കും ഇക്കാര്യത്തിലുള്ള പങ്ക് വ്യക്തമാക്കുമോ; | (സി) ട്രാഫിക് സിഗ്നലുകളും ബോർഡുകളും സ്ഥാപിക്കുന്ന കാര്യത്തിൽ ആഭ്യന്തര വകുപ്പിന് നേരിട്ട് പങ്കില്ലെങ്കിലും തദ്ദേശസ്വയംഭരണ വകുപ്പിന്റെ അഭിപ്രായം കണക്കിലെടുത്തും ഗതാഗത വകുപ്പിന്റെ നിർദ്ദേശങ്ങൾ അനുസരിച്ചും റോഡ് സുരക്ഷയെപ്പറ്റി പൊതുജനങ്ങളിൽ അവബോധം വരുത്തുന്നതിന് സിഗ്നലുകളും ബോർഡുകളും സ്ഥാപിച്ചു വരുന്നു. |
| (ഡി) ട്രാഫിക് നിർദ്ദേശം പ്രദർശിപ്പിക്കുന്ന ബോർഡുകളിലുള്ള പരസ്യങ്ങളുടെ വലിപ്പം ട്രാഫിക് നിർദ്ദേശത്തേക്കാൾ ചെറുതായിരിക്കണമെന്ന് നിഷ്കർഷിക്കുമോ? | (ഡി) ഇക്കാര്യം പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. * 499. 16.07.2007-ന് മറുപടിയ്ക്ക്

ബാംബു മേഖലയിലെ തൊഴിലാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്<br>ശ്രീ. ബി.ഡി. ദേവസ്സി :<br>ശ്രീ. സി.എം. ദിനേശ് മണി :<br>ശ്രീ. എം.എം. മോനായി : | ശ്രീ.പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) ബാംബു മേഖലയിലെ തൊഴിലാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണ് ; | (എ) പ്രതികൂല കാലാവസ്ഥ മൂലം ചില സന്ദർഭങ്ങളിൽ വനാന്തരങ്ങളിൽ നിന്നും ഈറ്റ ശേഖരിക്കാനും, പരമ്പരാഗത തൊഴിലാളികൾക്ക് വിതരണം ചെയ്യാനും സാധിക്കാതെ വരുന്നു. ഇതുമൂലം തൊഴിലാളികളുടെ തൊഴിൽ ദിനങ്ങൾ കുറയുന്നു. |
| (ബി) എങ്കിൽ അവ പരിഹരിക്കുവാൻ സ്വീകരിക്കുന്ന നടപടികൾ വെളിപ്പെടുത്തുമോ ; | (ബി) കേരള ബാംബു കോർപ്പറേഷൻ വനം വകുപ്പുമായി സഹകരിച്ച് ഈറ്റ ആവശ്യാനുസരണം ശേഖരിക്കാനും വിതരണം നടത്താനും ശ്രദ്ധിച്ചുവരുന്നു. സംസ്ഥാന ബാംബു മിഷന്റെ സഹായത്തോടെ ഈറ്റവെട്ട് -പനമ്പ് നെയ്ത്ത് തൊഴിലാളികളുടെ തൊഴിൽ ദിനങ്ങളും വരുമാനവും വർദ്ധിപ്പിക്കുവാൻ കമ്മ്യൂണിറ്റി വീവിംഗ് സെൻററുകൾ ആരംഭിക്കുകയും, തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പാക്കുകയും ചെയ്തുവരുന്നു. കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമായി 60 വയസ്സ് പൂർത്തിയാക്കി വിരമിച്ചവർക്കും ക്ഷേമനിധി നിയമം പ്രാബല്യത്തിൽ വരുന്നതിന് മുമ്പുള്ള 3 വർഷത്തിൽ കുറയാത്ത കാലയളവിൽ ഈ മേഖലയിൽ ജോലി ചെയ്ത 60 വയസ്സിനു മുകളിൽ പ്രായമുള്ളവർക്കും സ്ഥായിയായ അവശതയാൽ ജോലി ചെയ്യാൻ കഴിയാത്തവർക്കും പ്രതിമാസം 120 രൂപ നിരക്കിൽ 1.4.06 മുതൽ പെൻഷൻ നല്കുന്നതിന് സർക്കാർ ഉത്തരവ് (എം.എസ്) 60/07/തൊഴിൽ തീയതി 21.05.2007 പ്രകാരം അനുമതി നല്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

3.421

(സി) മുള, ഈറ്റ, ചൂരൽ എന്നിവ മിതമായ നിരക്കിൽ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(ഡി) ഈ രംഗത്തെ പരമ്പരാഗത കരകൗശല വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ സഹായം ചെയ്യുമോ ?

(സി & ഡി) സംസ്ഥാന ഗവൺമെൻറ് സൗജന്യമായിട്ടാണ് ബാംബു കോർപ്പറേഷന് ഈറ്റ നൽകുന്നത്. ഈറ്റയുടെ വെട്ടുകൂലി, ട്രാൻസ്പോർട്ടിംഗ് ചാർജ്, ലോഡിംഗ്-അൺലോഡിംഗ് കൂലി എന്നിവ ബാംബു കോർപ്പറേഷൻ നൽകുന്നു. ഈയിനത്തിൽ വരുന്ന മുഴുവൻ ചെലവും, തൊഴിലാളികളിൽ നിന്നും ഈടാക്കാതെ നഷ്ടം സഹിച്ചാണ് ഈറ്റ വിതരണം ചെയ്യുന്നത്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം : 500 — 16.07.2007 ൽ മറുപടിക്ക്.

## ഹൈവേ പോലീസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. സി. കെ. സദാശിവൻ<br>ശ്രീ. മഞ്ഞളാംകുഴി അലി | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) ഹൈവേ പോലീസ് സംവിധാനം ഏർപ്പെടുത്തിയതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | (എ) ദേശീയ പാതകളിലെ റോഡപകടങ്ങൾ തടയുന്നതിന് പ്രത്യേക ക്രമീകരണങ്ങൾ നടപ്പിലാക്കണമെന്ന് 2002 മെയ് മാസത്തിൽ ചേർന്ന സംസ്ഥാന റോഡ് സുരക്ഷാ കൗൺസിൽ തീരുമാനിക്കുകയുണ്ടായി. 22.05.2002 മുതൽ രണ്ടു ദേശീയ പാതകളിലും മുഴുവൻ സമയ പട്രോളിംഗിനുള്ള താൽക്കാലിക ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതിനു-ശേഷം അത് ഫലപ്രദമാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് 'ഹൈവേ പോലീസ്' എന്ന സമഗ്രമായ ഒരു സംവിധാനം 09.08.2002 മുതൽ നിലവിൽ വന്നത്. |

(Ctnd.....2/-)

| | |
|---|---|
| (ബി) ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഹൈവേ പോലീസിന് കഴിഞ്ഞിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | : (ബി) ഒരു പരിധിവരെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഹൈവേ പോലീസിന് കഴിഞ്ഞിട്ടുണ്ട്. ഹൈവേയിൽ അപകടങ്ങൾ, ഗതാഗതക്കുരുക്കുകൾ എന്നിവ ഉണ്ടാകുന്ന ഇടങ്ങളിൽ യഥാസമയത്ത് തന്നെ എത്തിച്ചേർന്ന് നടപടികൾ സ്വീകരിക്കുന്നതിനും അമിത വേഗത്തിൽ വാഹനങ്ങൾ ഓടിക്കുന്നവരെ കണ്ടുപിടിക്കുന്നതിനും മദ്യപിച്ച് വാഹനം ഓടിക്കുന്നവരെ കണ്ടുപിടിക്കുന്നതിനും മറ്റുകുറ്റകൃത്യങ്ങൾ തടയുന്നതിനും സഹായകരമായിട്ടുണ്ട്. |
| (സി) അമിത വേഗത്തിൽ വാഹനം ഓടിച്ചതിന്റെ പേരിൽ ഹൈവേ പോലീസ് കഴിഞ്ഞ രണ്ടുവർഷക്കാലയളവിൽ എത്ര കേസുകൾ എടുത്തിട്ടുണ്ട് ; | : (സി) 2005-2006 വർഷക്കാലയളവിൽ 10,520 കേസുകൾ എടുത്തിട്ടുണ്ട്. |
| (ഡി) ഹൈവേകളിൽ അപകടം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഹൈവേ പോലീസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ ? | : (ഡി) സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 501 — 16/7/2007 ൽ മറുപടിക്ക്

**<u>സ്റ്റേറ്റ് ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് അഡ്വൈസറി കമ്മിറ്റി</u>**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. അടൂർ പ്രകാശ് | ശ്രീ.പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) കേന്ദ്ര സർക്കാർ പാസ്സാക്കിയ 1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് നിയമം (1996-ലെ 27-ാം നമ്പർ ആക്ട്) അനുസരിച്ച് സ്റ്റേറ്റ് ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് അഡ്വൈസറി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ്;<br><br>(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ;<br><br>(സി) അഡ്വൈസറി കമ്മിറ്റി രൂപീകരിക്കുന്നതിന് അടിയന്തിര നടപടി കൈക്കൊള്ളുമോ? | <u>(എ)യും (ബി)യും (സി)യും</u><br><br>1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടിഷൻസ് ഓഫ് സർവീസ്) ആക്ട് പ്രകാരമുള്ള സ്റ്റേറ്റ് അഡ്വൈസറി കമ്മിറ്റി സംസ്ഥാനത്ത് രൂപീകരിച്ചിട്ടില്ല. അഡ്വൈസറി കമ്മിറ്റി രൂപീകരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 602</u> | <u>16-7-2007 - ൽ മറുപടിയ്ക്ക്</u>

## <u>പച്ചക്കറികളുടെ വിലക്കയറ്റം</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. പി. കൃഷ്ണപ്രസാദ്<br>ശ്രീ. കെ.ടി. ജലീൽ<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. എ.എം. ആരിഫ് | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) ഹോർട്ടി കോർപ്പിന്റെ പ്രവർത്തനം വിപുലമാക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | എ) ഹോർട്ടികോർപ്പിന്റെ പ്രവർത്തനം വിപുലമാക്കുന്നതിന് വേണ്ടി നിലവിലുള്ള 7 ജില്ലാ കേന്ദ്രങ്ങൾക്ക് പുറമേ, മറ്റെല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. വിപുലീകരണത്തിന്റെ ഭാഗമായി ഉപമേഖലാകേന്ദ്രങ്ങളും സ്വന്തം സ്റ്റാളുകളും ലൈസൻസ് പ്രകാരമുള്ള വിൽപ്പനകേന്ദ്രങ്ങളും എല്ലാ ജില്ലകളിലും ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ നടപ്പാക്കുന്ന ഹരിതശ്രീ പ്രോജക്ടിന്റെ ഭാഗമായി അവിടെ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ സംഭരിക്കാനും, വില്ക്കാനും ഹോർട്ടികോർപ്പിനേയും V.F.P.C.K യേയുമാണ് സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്നത്. ഉത്സവകാലങ്ങളിലും വില കൂടുതലുള്ള സമയങ്ങളിലും കമ്പോള ഇടപെടലിനായി സബ്സിഡി നിരക്കിൽ പച്ചക്കറി വിൽപ്പനയ്ക്ക് ഹോർട്ടികോർപ്പിന് അനുമതി അതാതു സമയങ്ങളിൽ നൽകുന്നുണ്ട്. |

| | |
|---|---|
| ബി) അടുത്തകാലത്തുണ്ടായ പച്ചക്കറികളുടെ വിലക്കയറ്റം പിടിച്ചു നിറുത്താൻ ഹോർട്ടികോർപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | ബി) ഫെബ്രുവരി മാസം മദ്ധ്യം മുതൽ വിഷുവരെ രണ്ടു മാസം പച്ചക്കറികളുടെ വില ഉയർന്ന അവസരത്തിൽ ഇത് പിടിച്ചുനിർത്തുന്നതിനായി 9 രൂപയുടെ പച്ചക്കറി കിറ്റ് വിൽപ്പന നടത്തുകയും കൂടാതെ പച്ചക്കറികൾക്ക് കമ്പോളവിലയേക്കാൾ 10 ശതമാനം വിലകുറച്ച് വിൽപ്പന നടത്തുകയും ചെയ്തു. ഇപ്പോൾ ഉണ്ടായ വില വർദ്ധനവ് ശ്രദ്ധയിൽ വന്ന അവസരത്തിൽ 4-7-2007 മുതൽ ഒരാഴ്ചക്കാലത്തേക്ക് കമ്പോളവിലയേക്കാൾ 20 ശതമാനം മുതൽ 30 ശതമാനം വരെ വിലകുറച്ച് പച്ചക്കറി വില്പന ഹോർട്ടികോർപ്പ്വഴി നടത്തിക്കൊണ്ടിരിക്കുന്നു. |
| സി) വില്പന കേന്ദ്രങ്ങൾവഴി ഇപ്പോൾ പച്ചക്കറി കിറ്റ് വിതരണം ചെയ്യുന്നുണ്ടോ; | സി) ഇല്ല |
| ഡി) ഇപ്പോൾ എത്ര പഴം, പച്ചക്കറി സ്റ്റാളുകളാണ് പ്രവർത്തിക്കുന്നത്; | ഡി) ഇരുനൂറ്റി നാല്പതോളം ഹരിത സ്റ്റാളുകളാണ് കേരളത്തിലുടനീളം പ്രവർത്തിക്കുന്നത് |
| ഇ) കുറഞ്ഞ വിലയ്ക്ക് ഇവ വിതരണം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | ഇ) 1. സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ കർഷകരിൽ നിന്ന് നേരിട്ട് വാങ്ങുന്നതിനും, കോർപ്പറേഷന്റെ വിപണനശൃംഖലകൾവഴി കമ്പോളവിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് വിൽക്കുകയും ചെയ്യുന്നു<br>2. സർക്കാർ വക കൃഷി ഫാമുകളിൽ നേരിട്ട് കൃഷിയിറക്കി പച്ചക്കറി ഉല്പാദിപ്പിച്ച് വിപണനം നടത്താൻ ഉദ്ദേശിക്കുന്നു. |

3. 592

3. സർക്കാരിന്റെ ഹരിതശ്രീ തുടങ്ങിയ കാർഷിക വികസന പദ്ധതികൾ മുഖേന കൂടുതൽ പച്ചക്കറികൾ ഉൽപാദിപ്പിക്കപ്പെടുന്നത് സംസ്ഥാനമൊട്ടാകെ വിപണനം നടത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്

4. ഏറ്റവും അത്യാവശ്യ ഘട്ടങ്ങളിൽ സർക്കാർ സബ്സിഡിയോടെ കുറഞ്ഞ വിലയ്ക്ക് ഉല്പന്നങ്ങൾ ഗുണഭോക്താക്കളിൽ എത്തിക്കുവാനും ഹോർട്ടികോർപ്പിന് കഴിയുന്നുണ്ട്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

<u>അഞ്ചാം സമ്മേളനം</u>

നക്ഷത്രചിഹ്നമിട്ട

<u>ചോദ്യം നമ്പർ–503</u> 18/7/2007–ൽ മറുപടിയ്ക്ക്.

## <u>പോലീസ് വകുപ്പിലെ കായികതാരങ്ങൾ</u>

<u>ചോദ്യം</u>

ശ്രീ. അൽഫോൺസ് കണ്ണന്താനം:
ശ്രീ. എ.പ്രദീപ് കുമാർ :
ശ്രീ. രാജു എബ്രഹാം:
ശ്രീ.കെ.സി.രാജഗോപാലൻ:
ശ്രീമതി കെ.എസ്. സലീഖ:

<u>ഉത്തരം</u>

ശ്രീ.കോടിയേരി ബാലകൃഷ്ണൻ:
(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ). കായികതാരങ്ങളെ പോലീസ് വകുപ്പിലേക്ക് ആകർഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (എ) മികച്ച കായികതാരങ്ങളെ നിർദ്ദിഷ്ട യോഗ്യതകളുണ്ടെങ്കിൽ സർക്കാർ അനുമതിയോടെ സർവ്വീസിൽ നേരിട്ട് നിയമിക്കുന്നതിന് സർക്കാർ ഉത്തരവുകൾ നിലവിലുണ്ട്. |
| (ബി). സ്പോർട്സ് ക്വോട്ടയിൽ നിയമനം ലഭിച്ച എത്രപേർ പോലീസ് സർവ്വീസിലുണ്ട്; | (ബി). 148 പേർ |
| (സി). പോലീസ് വകുപ്പിൽ ഇപ്പോൾ ഏതെല്ലാം സ്പോർട്സ് ഇനങ്ങളിൽ ടീമുകൾ ഉണ്ട്; | (സി). സെൻട്രലൈസ് ചെയ്ത് ഒരു വോളിബോൾ ടീം തുടങ്ങുന്നതിന് വകുപ്പുതല തീരുമാനമായിട്ടുണ്ട്. മറ്റു ടീമുകൾ ഒന്നുമില്ല. |
| (ഡി). പ്രഗത്ഭരായ കായികതാരങ്ങളെ ഉൾപ്പെടുത്തി സ്പോർട്സ് ടീമുകൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി). ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.504 — 16.7.2007 ൽ മറുപടിയ്ക്ക്

# തേനീച്ച വളർത്തൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ. ജോസഫ് എം. പുതുശ്ശേരി<br>ശ്രീ.തോമസ് ചാഴിക്കാടൻ | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് തേനുൽപ്പാദന മേഖലയിൽ ഏതൊക്കെ സർക്കാർ സർക്കാരിതര ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്; | എ)<br>1)ഹോർട്ടികോർപ്പ് - സംസ്ഥാനസർക്കാർ<br>2)റബ്ബർ ബോർഡ് - കേന്ദ്രസർക്കാർ<br>3) ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ - കേന്ദ്രസർക്കാർ<br>4)കേരള ഖാദി ബോർഡ് - സംസ്ഥാന സർക്കാർ<br>5)ഹോർട്ടികോർപ്പിന്റെ അംഗീകൃത ബ്രീഡിംഗ് യൂണിറ്റുകൾ.<br>6) മറ്റ് സന്നദ്ധ സംഘടനകൾ |
| ബി) കേരളത്തിൽ സാധാരണയായി വളർത്തൽ തേനീച്ച ഇനങ്ങൾ ഏതൊക്കെയാണ്, ഓരോന്നിന്റെയും പ്രത്യേകതകൾ, മേൻമകൾ, ജന്മദേശം എന്നിവ വിശദമാക്കുമോ; | ബി) കേരളത്തിൽ വ്യാപകമായി വളർത്തുന്ന തേനീച്ചയുടെ ഇനങ്ങൾ മൂന്നാണ്.<br><br>ഇവ ഇന്ത്യൻ തേനീച്ച (എപിസ് ഇൻഡിക്ക), ഇറ്റാലിയൻ തേനീച്ച (എപിസ് മെല്ലിഫെറ), ചെറുതേനീച്ച എന്നിവയാണ്. ഇവയിൽ ഇറ്റാലിയൻ തേനീച്ചയ്ക്ക് ഇൻഡ്യൻ തേനീച്ചയേക്കാൾ ഉൽപാദനശേഷി, രോഗപ്രതിരോധശേഷി, പ്രാഥമിക ചെലവ്, അംഗസംഖ്യ, വലിപ്പം, റോയൽ ജെല്ലി ഉൽപാദന ശേഷി എന്നിവ താരതമ്യേന കൂടുതലാണ്. കൂട്ടംപിരിയൽ പ്രവണത ഇന്ത്യൻ തേനീച്ചയേക്കാൾ ഇറ്റാലിയൻ തേനീച്ചയ്ക്ക് കുറവാണ്. ജന്മദേശത്തിന്റെ പേരു ചേർത്താണ് ഈ തേനീച്ചകൾ അറിയപ്പെടുന്നത്. |

ഇന്ത്യൻ വംശത്തിൽപ്പെടുന്ന ചെറുതേനീച്ച പ്രതിവർഷം ശരാശരി100 ഗ്രാം തേൻ ഉൽപാദിപ്പിക്കുന്നു. ചെറുതേൻ വിലകൂടിയതും ഔഷധമൂല്യം കൂടുതലുള്ളതുമാണ്.

സി) തേനീച്ച വളർത്തൽ, പരിപാലന മുറകൾ എന്നിവയെ അധികരിച്ച് ഗ്രന്ഥങ്ങൾ, ലഘുലേഖകൾ തുടങ്ങിയവ പ്രസ്തുത ഏജൻസികൾ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ആയതിന്റെ കോപ്പികൾ സഹിതം ലഭ്യമാക്കുമോ;

സി) ഹോർട്ടികോർപ്പ് പ്രസിദ്ധീകരിച്ച ലഘുലേഖ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ഡി) തേനീച്ച വളർത്തലിൽ ഏർപ്പെടുവാൻ സന്നദ്ധതയുള്ളവർക്ക് ഏതൊക്കെ സഹായങ്ങളാണ് നൽകുന്നത്;

ഡി) തേനീച്ച വളർത്തൽ പദ്ധതിയുടെ സംസ്ഥാന ഏജൻസി എന്ന നിലയിൽ ഹോർട്ടികോർപ്പ് താഴെപറയുന്ന സഹായങ്ങളാണ് നൽകുന്നത്.

**a)** താൽപ്പര്യമുള്ള കർഷകർക്കും കർഷകഗ്രൂപ്പുകൾക്കും ആറ് ദിവസം നീണ്ടുനിൽക്കുന്ന സൗജന്യ പരിശീലനം നൽകുന്നു.

**b)** തേനീച്ച കോളനികളും അനുബന്ധ ഉപകരണങ്ങളും 50% സബ്സിഡി വ്യവസ്ഥയിൽ, പരിശീലനം പൂർത്തിയാക്കിയ കർഷകർക്ക് നൽകുന്നു.

**c)** ബ്രീഡിംഗ് യൂണിറ്റ് വികസിപ്പിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നു

**d)** കർഷകരിൽ നിന്നും തേൻ സംഭരിച്ച് സംസ്കരിച്ച് വിപണനം നടത്തുന്നതിന് പ്രത്യേക പദ്ധതി നടപ്പാക്കി വരുന്നു.

ഖാദിഗ്രാമവ്യവസായ കമ്മീഷന്റെ ഗ്രാമീണ തൊഴിൽദാന പദ്ധതിപ്രകാരം ബാങ്ക് വായ്പയ്ക്ക് 25% മുതൽ 30% വരെ മാർജ്ജിൻ മണി ഗ്രാന്റ് ബോർഡ് നൽകി വരുന്നു. കൂടാതെ പരിശീലനവും നൽകി വരുന്നു.

ഇ) തേനിൽ നിന്നും ലഭിക്കുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഏതൊക്കെ; അവയുടെ വിലനിലവാരം, വിപണി എന്നിവയെക്കുറിച്ച് വ്യക്തമാക്കുമോ?

ഇ) തേനിൽ നിന്നും ലഭിക്കുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഹണി പൗഡർ, കോംപ് ഹണി , തേൻ മെഴുക്, റോയൽ ജെല്ലി, തേനീച്ച വിഷം തുടങ്ങിയവയാണ്. തേനിന്റെ വില ഓരോ വർഷവും കർഷകരുമായി ചർച്ചചെയ്ത് നിശ്ചയിക്കുന്നു. ഖാദിബോർഡിന്റെ വിൽപ്പനശാലകൾ വഴിയും ഹോർട്ടികോർപ്പ് സ്റ്റാളുകൾ വഴിയും നേരിട്ടും വിപണനം ചെയ്തു വരുന്നു. ഈ വർഷത്തെ അസംസ്കൃത തേനിന്റെ വാങ്ങൽ വില - 47 രൂപ (എ ഗ്രേഡ്) വിൽക്കുന്ന വില - സംസ്കരിച്ച് അഗ്മാർക്ക് ചെയ്തത് 130/- രൂപ എന്ന നിരക്കിലാണ്.

സെക്ഷൻ ഓഫീസർ



തേനീച്ച പരിപാലനത്തിനും മേൽനോട്ടത്തിനും തൊഴിൽരഹിതരായ യുവതീയുവാക്കൾക്കും കർഷകർക്കും സൗജന്യപരിശീലനം നൽകുക, അനുബന്ധവ്യവസായങ്ങൾ ആരംഭിച്ച് കൂടുതൽ തൊഴിൽസാദ്ധ്യതകൾ ഉണ്ടാക്കുക, ദീർഘകാലം സൂക്ഷിച്ചുവയ്ക്കുവാൻ കഴിയുന്നവിധത്തിൽ തേൻ സംസ്കരിച്ച് വിദേശ രാജ്യങ്ങളിലേയ്ക്ക് കയറ്റി അയയ്ക്കുക, സബ്സിഡി നിരക്കിൽ തേനീച്ച കോളനികൾ കർഷകർക്ക് വിതരണം ചെയ്യുക. തേൻ, ഇഞ്ചിനീര്, നാരങ്ങാനീര് എന്നിവ ചേർത്തുണ്ടാക്കുന്ന ഉത്തമ പാനീയമായ 'ഹണികോള' യുടെ ഉൽപാദനവും വിപണനവും വ്യാപിപ്പിക്കുക തുടങ്ങിയ പദ്ധതികളാണ് ഹോർട്ടികോർപ്പ് വിജയകരമായി നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്.

ഈ പദ്ധതി സംബന്ധിച്ച് താല്പര്യമുള്ളവർ ഹെഡ് ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

### റീജിയണൽ ഓഫീസുകൾ

റീജിയണൽ മാനേജർ,
ഹോർട്ടികോർപ്പ്, പാൽക്കുളങ്ങര,
തിരുവനന്തപുരം.
ഫോൺ : 0471-570845

റീജിയണൽ മാനേജർ,
ഹോർട്ടികോർപ്പ്
മൂന്നാർ, ഇടുക്കി
ഫോൺ : 0486-[illegible]

റീജിയണൽ മാനേജർ,
ഹോർട്ടികോർപ്പ്,
പള്ളിമുക്ക്,
കൊല്ലം.
ഫോൺ : 0474-

റീജിയണൽ മാനേജർ,
ഹോർട്ടികോർപ്പ്,
[illegible]
[illegible]
ഫോൺ : 0495-[illegible]

റീജിയണൽ മാനേജർ,
ഹോർട്ടികോർപ്പ്,
ഓട്ടുപാറ ബിൽഡിംഗ്, പി. ഒ.,
ചങ്ങനാശ്ശേരി, കോട്ടയം.
ഫോൺ : 0481-472061

റീജിയണൽ മാനേജർ,
ഹോർട്ടികോർപ്പ്,
[illegible]
[illegible]
ഫോൺ : 0497-[illegible]


റീജിയണൽ മാനേജർ,
ഹോർട്ടികോർപ്പ്,
കാക്കനാട്,
എറണാകുളം.
ഫോൺ : 0484-42772[illegible]

മാനേജിംഗ് ഡയറക്ടർ
**കേരളാ സ്റ്റേറ്റ് ഹോർട്ടികൾച്ചറൽ പ്രോഡക്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്**
'ഉദയഗിരി', പൂജപ്പുര, തിരുവനന്തപുരം-12,
ഫോൺ ഓഫീസ് 0471-359651, എം. ഡി. 0471-359477
[illegible]

HORTICORP
*The Vegetable People*



**കേരളാ സ്റ്റേറ്റ് ഹോർട്ടികൾച്ചറൽ പ്രോഡക്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്**
'ഉദയഗിരി', പൂജപ്പുര, തിരുവനന്തപുരം-12,
ഫോൺ ഓഫീസ് 0471-359651, എം. ഡി. 0471-359477
ഫാക്സ്: 0471-359309 email: [illegible]



ഗുണമേന്മയുള്ള പഴവർഗ്ഗങ്ങളും പച്ചക്കറികളും കർഷകരിൽനിന്നും ഹരിത സംഘങ്ങളിൽനിന്നും നേരിട്ടു സംഭരിച്ച് ഇടത്തട്ടുകാരെയും ചൂഷകരെയും ഒഴിവാക്കി ന്യായവിലയ്ക്ക് സാധാരണക്കാർക്ക് എത്തിച്ചുകൊടുക്കുന്ന ഒരു സർക്കാർ സ്ഥാപനമാണ് കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചറൽ പ്രോഡക്ട്സ് ഡവലപ്മെന്റ് കോർപ്പറേഷൻ (ഹോർട്ടികോർപ്പ്). ഹോർട്ടികോർപ്പിന്റെ ഉടമസ്ഥതയിലുള്ള സസ്യ-ഹരിത സ്റ്റാളുകൾ കേരള ജനതയുടെ നിത്യജീവിതത്തിന്റെ ഭാഗമായി മാറിയിരിക്കുകയാണ്. അന്യ സംസ്ഥാനങ്ങളിൽനിന്നുമുള്ള പഴം-പച്ചക്കറി ഇറക്കുമതി കുറച്ച് കേരളത്തിലെ ഉൽപാദന-വില്പന മേഖലകളിൽ കൂടുതൽ പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ട് നമ്മുടെ സമ്പദ്ഘടനയ്ക്ക് ശക്തിയേകുന്ന ഒരു മാതൃകാസ്ഥാപനമായി ഇതിനകം ഹോർട്ടികോർപ്പ് മാറിയിട്ടുണ്ട് പൊതുവിപണിയിലെ പഴം-പച്ചക്കറി വില നിയന്ത്രിച്ചുനിർത്തുന്നതിൽ ഹോർട്ടികോർപ്പ് നിർണ്ണായക പങ്കു വഹിച്ചുകൊണ്ടിരിക്കുന്നു. കർഷകർക്ക് അർഹമായ വിലനൽകി പച്ചക്കറികൾ വാങ്ങി വിതരണം ചെയ്യുക വഴി കർഷകരെ അംഗീകരിക്കുകയും അവർക്ക് അഭയവും, ആശ്വാസവും നൽകുകയും ചെയ്യുന്ന കേന്ദ്രമായി മാറിയിട്ടുണ്ട് ഹോർട്ടികോർപ്പ്.

ഹോർട്ടികോർപ്പിന്റെ ഉടമസ്ഥതയിലുള്ള തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, മൂന്നാർ, കോഴിക്കോട്, കണ്ണൂർ എന്നീ സംഭരണ-വിതരണ കേന്ദ്രങ്ങളിലും അഞ്ഞൂറിലധികം വരുന്ന ഹരിത സ്റ്റാളുകളിലും ആയി ഏകദേശം എണ്ണൂറോളം പേർക്ക് പ്രത്യക്ഷമായും രണ്ടായിരത്തോളം പേർക്ക് പരോക്ഷമായും തൊഴിൽ ലഭ്യമാക്കുന്നതിനു സാധിച്ചിട്ടുണ്ട്.

മാറിയ സാമൂഹികപരിതസ്ഥിതിയിൽ രാസവളങ്ങളുടെ ഉപയോഗം കുറയ്ക്കുക, പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തുക, ജൈവവളങ്ങളുടെ ഉപയോഗം കൂട്ടുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി ജൈവവള സംസ്കരണകേന്ദ്രങ്ങൾ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ആരംഭിക്കുന്നതിനു ഹോർട്ടികോർപ്പിനു പരിപാടിയുണ്ട് അതോടൊപ്പംതന്നെ ജൈവവള കൃഷിരീതിയിൽ ഉൽപാദിപ്പിച്ച പച്ചക്കറികളുടെ വിപണനത്തിന് മുൻഗണന നൽകിക്കൊണ്ട് വില്പനകേന്ദ്രങ്ങൾ തുറക്കുന്നതിനും ഉദ്ദേശിക്കുന്നു


വൻകിട മൊത്തവ്യാപാര കേന്ദ്രങ്ങളിൽനിന്നും സംഭരിക്കുന്ന ഉരുളക്കിഴങ്ങ്, സവാള, ഉള്ളി, തക്കാളി എന്നിവയും സംസ്ഥാനത്തെ കർഷകരിൽനിന്നും വാങ്ങുന്ന ഏത്തൻ, പയർവർഗ്ഗങ്ങൾ, നാടൻ കിഴങ്ങുവർഗ്ഗങ്ങൾ മുതലായവയും മൊത്തവ്യാപാരനിരക്കിൽ വിറ്റഴിക്കുന്നതിനുവേണ്ടി മൊത്തവ്യാപാരകേന്ദ്രങ്ങൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ആരംഭിക്കുന്നതാണ്

ശീത ശൃംഖല എന്ന ബൃഹദ്പദ്ധതിയിൽ കേരളത്തിലുടനീളം വ്യാപിച്ചു കിടക്കുന്ന അഞ്ഞൂറിലധികം ഹരിത സ്റ്റാളുകൾക്കുപുറമെ പുതിയതായി 300 സ്റ്റാളുകൾകൂടി ഉടനെ ആരംഭിക്കുന്നതാണ്. പഴം-പച്ചക്കറി ഉൽപാദന-വിപണന രംഗത്ത് യുവതീയുവാക്കൾക്ക് അവസരങ്ങൾ നൽകി തൊഴിൽമേഖലയിൽ ഒരു പുത്തൻ ഉണർവ്വ് ഹോർട്ടികോർപ്പ് സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്

ഗുണമേന്മയുള്ള തെങ്ങ്, മാവ്, പ്ലാവ്, മറ്റു ഫലവൃക്ഷങ്ങൾ മുതലായവയുടെ തൈകളും വിവിധയിനം പച്ചക്കറിവിത്തുകളും ന്യായമായ വിലയ്ക്ക് വിതരണം ചെയ്യുന്ന ഒരു പദ്ധതിയും ഹോർട്ടികോർപ്പിനുണ്ട് ഹോർട്ടികോർപ്പിന്റെ ഹെഡ് ഓഫീസിലും, റീജിയണൽ ഓഫീസുകളിലും 'സീഡ് പ്രോഗ്രാം' മുഖേന വില്പന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.



*ഹോർട്ടികോർപ്പിന്റെ തേനീച്ച വളർത്തൽ പ്രോത്സാഹനപദ്ധതിയുടെ ഉദ്ഘാടനം ബഹു: കൃഷിവകുപ്പ് മന്ത്രി ശ്രീ. മുല്ലക്കര രത്നാകരൻ നിർവ്വഹിക്കുന്നു.*



കാർഷിക ഉൽപാദനത്തിന് ഉതകുന്ന തേനീച്ചവളർത്തൽ പദ്ധതിയും ഹോർട്ടികോർപ്പിന്റെ കർമ്മ പരിപാടിയിൽപ്പെടുന്നു കേന്ദ്രഗവൺമെന്റ് നടപ്പാക്കി വരുന്ന 'കാർഷിക ഉൽപാദന വർദ്ധനവിന് തേനീച്ച പരിപാലനം' എന്ന പദ്ധതിയുടെ സംസ്ഥാന ഏജൻസിയായി ഹോർട്ടികോർപ്പിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് ഇന്ത്യയിൽ കേരളംപോലെ തേനീച്ചവളർത്തലിന് പറ്റിയ സംസ്ഥാനം വേറെയില്ല. റബ്ബർതോട്ടങ്ങളിലെ തേനിന്റെ അനന്തസാധ്യതകൾ വേണ്ടരീതിയിൽ പ്രയോജനപ്പെടുത്താൻ ഇനിയും നമുക്ക് കഴിഞ്ഞിട്ടില്ല. റബ്ബർതോട്ടങ്ങൾ അടിസ്ഥാനമാക്കിയുള്ള 'മെഗ്രേറ്ററി ബീ കീപ്പിംഗ്' ഒരു ചെറുകിട വ്യവസായമായി വളർത്തി എടുക്കേണ്ടിയിരിക്കുന്നു. കാർഷികരംഗത്ത് ഉൽപാദന വർദ്ധനവിനോടൊപ്പം തൊഴിൽരഹിതരായ യുവതീയുവാക്കൾക്ക് തൊഴിലും, ന്യായമായ സാമ്പത്തികനേട്ടവും ഉണ്ടാക്കുന്ന പരിപാടി എന്നനിലയിലും ഇതു ശ്രദ്ധേയമായിട്ടുണ്ട് തേനീച്ചപരിപാലനത്തിനുള്ള നൂതന സാങ്കേതികവിദ്യകൾ ഗ്രാമീണജനതയ്ക്ക് എത്തിച്ചുകൊടുക്കുക വഴി സംസ്ഥാനത്തെ തേനീച്ചവ്യവസായം പുനരുദ്ധരിക്കുക എന്ന കർത്തവ്യമാണ് ഹോർട്ടികോർപ്പ് വിജയകരമായി നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്

**പന്ത്രണ്ടാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: 505 | 16-07-2007- ൽ മറുപടിയ്ക്ക്

**കിസാൻ ശ്രീ പെൻഷൻ പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം:<br>ശ്രീ. എസ്. രാജേന്ദ്രൻ:<br>ശ്രീ. കെ.സി. രാജഗോപാലൻ:<br>ശ്രീ. മുരളി പെരുനെല്ലി:<br>ശ്രീ. സി.കെ.പി.പത്മനാഭൻ: | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) 'കിസാൻ ശ്രീ ' എന്ന പേരിൽ കൃഷി വകുപ്പ് പെൻഷൻ പദ്ധതി ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | എ) കർഷകരെ പരിരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ ' കിസാൻ ശ്രീ ' എന്ന പദ്ധതി ആവിഷ്ക്കരിച്ച് നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നു. |
| ബി) എങ്കിൽ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ; | ബി) |
| സി) ഏതെല്ലാം വിഭാഗം കർഷകരെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് ; | സി) } പദ്ധതിയ്ക്ക് അന്തിമരൂപം നൽകിയിട്ടില്ല. |
| ഡി) പദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ? | ഡി) ഈ സാമ്പത്തിക വർഷത്തിൽ നടപ്പാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ--അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.506. 16.7.2007-ൽ മറുപടിയ്ക്ക്

## കോൾനിലങ്ങളിലെ മത്സ്യം വളർത്തൽ

**ചോദ്യം**

ശ്രീ.പള്ളിപ്രം ബാലൻ :
ശ്രീ.വി.എസ്. സുനിൽകുമാർ
ശ്രീ.എൻ.രാജൻ :
ശ്രീ.മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ.കെ.രാജു :

**മറുപടി**

ശ്രീ. എസ്. ശർമ്മ
(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) അഡാക്, എം.പി.ഇ.ഡി.എ. തുടങ്ങിയ കേന്ദ്ര-സംസ്ഥാന ഏജൻസികൾ മുഖേനയുള്ള കോൾനിലങ്ങളിലെ മത്സ്യം വളർത്തലുമായി ബന്ധപ്പെട്ട് പാടശേഖര കമ്മിറ്റികളെ മുൻനിർത്തി ബിനാമികൾ മത്സ്യകൃഷി നടത്തി വൻതോതിൽ സബ്സിഡികൾ തട്ടിയെടുക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത മേഖലയിൽ ബിനാമികളെ അകറ്റി നിർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ; | (എ) കോൾനിലങ്ങളിലെ മത്സ്യം വളർത്തലിന് പാടശേഖരങ്ങളിലെ എല്ലാ കർഷകരും ഉൾപ്പെടുന്ന പാടശേഖര കമ്മിറ്റികളെ മാത്രമേ ഗുണഭോക്താക്കളായി അംഗീകരിച്ചിട്ടുള്ളൂ. അഡാക് മുഖാന്തിരം നടപ്പാക്കുന്ന ഈ പദ്ധതി ഈ വർഷം മുതൽ ആണ് ആരംഭിച്ചിട്ടുള്ളത്. ഇതുവരെ ആർക്കും സബ്സിഡി നൽകിയിട്ടില്ലാത്തതിനാൽ ബിനാമികൾ സബ്സിഡികൾ തട്ടിയെടുക്കുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബിനാമികളെയും കോൾ നിലങ്ങൾ പാട്ടത്തിനെടുത്ത് നടത്തുന്ന കർഷകരെയും ഒഴിവാക്കിക്കൊണ്ട് കോൾനില ഉടമകളായ കർഷകർക്ക് മാത്രം പ്രയോജനം ലഭിക്കുന്ന രീതിയിലാണ് പദ്ധതി അഡാക് മുഖാന്തിരം ഈ വർഷം മുതൽ നടപ്പിലാക്കുന്നത്. എം.പി.ഇ.ഡി.എ. ഈ പദ്ധതി നടപ്പിലാക്കുന്നില്ലെന്നാണ് അറിയിച്ചിട്ടുള്ളത്. |
| (ബി) പാടശേഖര കമ്മിറ്റികൾ മത്സ്യകൃഷി നടത്തി കിട്ടുന്ന ലാഭം | (ബി) പാടശേഖര കമ്മിറ്റികൾ എല്ലാ കർഷകരും ഉൾക്കൊള്ളുന്ന പൊതുയോഗത്തിന്റെ തീരുമാന |

| | |
|---|---|
| കർഷകർക്ക് വിതിച്ചു നൽകുന്നതിന് നടപടിയെടുക്കുമോ ; | പ്രകാരം കൃഷി നടത്തുന്നതുകൊണ്ട് ഇതിന്റെ പ്രയോജനം എല്ലാ കർഷകർക്കും ലഭിക്കുന്നതാണ്. |
| (സി) 'ഒരു നെല്ലും ഒരു മീനും' പദ്ധതി കൃഷി വകുപ്പും ഫിഷറീസ് വകുപ്പും സംയുക്തമായിട്ടാണോ നടപ്പിൽ വരുത്തുന്നത്; ഇല്ലെങ്കിൽ സംയുക്തമായി ഈ പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ ? | (സി) അല്ല. ഈ പദ്ധതി നിലവിൽ ഫിഷറീസ് വകുപ്പിന്റെ കീഴിൽ 'അഡാക്ക്' ആണ് നടപ്പിലാക്കുന്നത്. പദ്ധതി കൃഷി വകുപ്പുമായി ചേർന്ന് സംയുക്തമായി നടപ്പാക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 507

16-07-2007 ൽ
മറുപടിയ്ക്ക്.

### ടൂറിസ്റ്റ് പ്രൊട്ടക്ഷൻ ഫോഴ്സിന്റെ രൂപീകരണം

**ചോദ്യം**

ശ്രീ. കെ. ബാബു,
ശ്രീ. വി.ഡി. സതീശൻ

എ) സംസ്ഥാനത്ത് വിനോദ സഞ്ചാരികൾ എത്തിച്ചേരുന്ന കേന്ദ്രങ്ങളിൽ ഗുണ്ടകളുടെയും മദ്യപന്മാരുടെയും ശല്യം ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ബി) 2006 ജൂൺ മാസത്തിനു ശേഷം ഏതെല്ലാം വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ സഞ്ചാരികൾ ഇത്തരം സംഭവങ്ങൾക്ക് വിധേയരായിട്ടുണ്ട്;

സി) ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുവാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട്;

**ഉത്തരം**

ശ്രീ. കോടിയേരി ബാലകൃഷ്ണൻ,
(ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പു മന്ത്രി)

എ) പൊതുവെ കേരളത്തിലെ വിനോദ സഞ്ചാര കേന്ദ്രങ്ങൾ വളരെ സുരക്ഷിതമാണ്.

ബി) തേക്കടി വിനോദ സഞ്ചാര കേന്ദ്രത്തിൽ വച്ച് ഒരു വിദേശ വനിതയ്ക്ക് സാമൂഹ്യവിരുദ്ധനിൽ നിന്നും ആക്രമണം ഉണ്ടായി. ഇതിൽ സംസ്ഥാന ഗവൺമെന്റ് അടിയന്തിരമായി ഇടപെടുകയും ഇതിനെതിരെ കേസെടുക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം പ്രവണതകൾ ആവർത്തിക്കാതിരിക്കാനുള്ള ശക്തമായ നടപടികളും ഗവൺമെന്റ് കൈക്കൊണ്ടിട്ടുണ്ട്. മറ്റു സംഭവങ്ങളൊന്നും റിപ്പോർട്ടു ചെയ്തിട്ടില്ല.

സി) പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുവാൻ ടൂറിസം പോലീസിനെ വിന്യസിച്ചിട്ടുണ്ട്. പ്രധാന ബീച്ചുകളിൽ ടൂറിസ്റ്റുകളുടെ സംരക്ഷണത്തിനായി ലൈഫ് ഗാർഡുമാരും പ്രവർത്തിക്കുന്നു. ടൂറിസ്റ്റുകളുടെ സംരക്ഷണത്തിനാവശ്യമായ സഹായങ്ങൾ നൽകുന്നതിനുവേണ്ടി ടൂറിസം വകുപ്പിനു കീഴിൽ ഇൻഫർമേഷൻ സെന്ററുകൾ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ വിവരങ്ങൾ എളുപ്പത്തിൽ ലഭ്യമാക്കുന്നതിനും പരാതികൾ ഉന്നയിക്കുന്നതിനും ടോൾഫ്രീ ടെലഫോൺ നമ്പരും നിലവിലുണ്ട്.

| | | | |
|---|---|---|---|
| ഡി) | ഒരു ടൂറിസ്റ്റ് പ്രൊട്ടക്ഷൻ ഫോഴ്സിന് രൂപം നൽകുവാൻ ഉദ്ദേശമുണ്ടോ ? | ഡി) | ടൂറിസ്റ്റ് പ്രൊട്ടക്ഷൻ ഫോഴ്സ് എന്ന ഒരു പദ്ധതി ടൂറിസം വകുപ്പിന്റെ പരിഗണനയിലില്ല. എന്നാൽ പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ടൂറിസം പോലീസിന്റെ സേവനം ലഭ്യമാണ്. കൂടാതെ കോവളം അന്തർദ്ദേശീയ ടൂറിസ്റ്റ് കേന്ദ്രത്തിൽ ടൂറിസ്റ്റ് വാർഡൻമാരെ നിയമിക്കുന്നതിനുള്ള ഒരു പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ട്. |

Saraswathi

**സെക്ഷൻ ഓഫീസർ.**

## പന്ത്രണ്ടാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 508

16.07.2007ൽ മറുപടിയ്ക്ക്

### സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ പുതിയ ഉൽപന്നങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.സി.വിഷ്ണുനാഥ്<br>ശ്രീ. കെ.സുധാകരൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ. പി.കെ.ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി.) |
| (എ) സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ എന്തൊക്കെ പുതിയ ഉൽപന്നങ്ങളാണ് പുറത്തിറക്കാൻ ഉദ്ദേശിക്കുന്നത്; | (എ) സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ കാഷ്യു സൂപ്പ്, കാഷ്യു ബിവറേജ് പൗഡർ, കാഷ്യു പൗഡർ, കാഷ്യു ബിറ്റ്സ് എന്നീ 4 പുതിയ ഉൽപന്നങ്ങളാണ് പുറത്തിറക്കാൻ ഉദ്ദേശിക്കുന്നത്. |
| (ബി) കോർപ്പറേഷന്റെ ഏതൊക്കെ ഉൽപന്നങ്ങളാണ് ഇപ്പോൾ വിപണിയിലുള്ളത്; | (ബി) കോർപ്പറേഷന്റെ കശുവണ്ടി പരിപ്പിനങ്ങളായ പ്ലെയിൻ കാഷ്യു, റോസ്റ്റഡ്/സാൾട്ടഡ് കാഷ്യു എന്നിവ "CDC കാഷ്യൂസ്" എന്ന പേരിൽ 20 ഗ്രാം മുതലുള്ള പായ്ക്കറ്റുകളിൽ ഇപ്പോൾ വിപണിയിൽ ലഭ്യമാണ്. |
| (സി) കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലുള്ള ഫാക്ടറികളുടെ നവീകരണത്തിന്റെ ഭാഗമായി എന്തൊക്കെ പദ്ധതികളാണ് നടപ്പിൽ വരുത്തുന്നത്? | (സി) കോർപ്പറേഷൻ ഫാക്ടറികളിൽ നിലവിലുള്ള ഷെഡുകൾ തൊഴിലാളികളുടെ തൊഴിൽ സൗഹൃദമാക്കി മെച്ചപ്പെടുത്തുന്നതിനുമൊക്കെ ഉള്ള തരത്തിൽ അറ്റകുറ്റ പണികൾ നടത്തിയും, വിദേശ വിപണിയെ ലക്ഷ്യമിട്ട് കോർപ്പറേഷന്റെ പീലിംഗ് യൂണിറ്റുകൾ ആധുനികവൽക്കരിച്ചും, കൂടാതെ കോർപ്പറേഷന്റെ കോഴിക്കോട് ജില്ലയിലുള്ള ഗോഡൗണും, കളവും ഉപയോഗപ്പെടുത്തി കുക്കിംഗ് & കട്ടിംഗ് സംവിധാനത്തിലുള്ള ഒരു ആധുനിക കാഷ്യു പ്രോസസിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരികയാണ്. കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികളുടെ ആധുനികവൽക്കരണത്തിനും നവീകരണത്തിനുമായി 250 ലക്ഷം രൂപയുടെ പദ്ധതി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതിനായി |

൩. ൫൦൬



ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. നവീകരണത്തിനായുള്ള പദ്ധതികളിൽ 50 ലക്ഷം രൂപയുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ * 509. | 16.07.2007-ന് മറുപടിക്ക്

## ' ആം ആദ്മി ബീമാ യോജന '

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ടി.എൻ. പ്രതാപൻ :<br>ശ്രീ. കെ.സി. വേണുഗോപാൽ :<br>ശ്രീ. എ.പി. അനിൽകുമാർ : | ശ്രീ.പി.കെ.ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) ഭവന രഹിതരായ ഗ്രാമീണർക്കുവേണ്ടി കേന്ദ്ര സർക്കാർ 'ആം ആദ്മി ബീമാ യോജന ' എന്ന പേരിൽ ഇൻഷ്വറൻസ് പദ്ധതി ആരംഭിച്ചിട്ടുണ്ടോ ; | (എ) 2007-08 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഭൂരഹിതരായ ഗ്രാമീണർക്കായി കേന്ദ്ര ധനകാര്യ മന്ത്രി 'ആം ആദ്മി ബീമാ യോജന ' എന്നൊരു ഇൻഷ്വറൻസ് പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് പ്രസ്തുത പദ്ധതി അംഗീകരിക്കുകയും കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടില്ല. |
| (ബി) പ്രസ്തുത പദ്ധതിയനുസരിച്ച് ഓരോ വ്യക്തിക്കുംവേണ്ടി പ്രീമിയമിനത്തിൽ ഒരു വർഷം എത്ര രൂപയാണ് അടയ്ക്കേണ്ടതെന്ന് വ്യക്തമാക്കുമോ ; | (ബി) 200 രൂപ |
| (സി) ഇതിൽ കേന്ദ്ര വിഹിതം എത്രയാണ് ; സംസ്ഥാന വിഹിതം എത്രയാണ് ; | (സി) കേന്ദ്ര വിഹിതം 100 രൂപയും സംസ്ഥാന വിഹിതം 100 രൂപയുമാണ്. |
| (ഡി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതും സംസ്ഥാന വിഹിതം നൽകുന്നതും സംബന്ധിച്ച് കേന്ദ്ര തൊഴിൽ വകുപ്പു സെക്രട്ടറി സംസ്ഥാന തൊഴിൽ വകുപ്പ് സെക്രട്ടറിയുമായി വീഡിയോ കോൺഫറൻസ് നടത്തിയിട്ടുണ്ടോ ; | (ഡി) ഉണ്ട്. |
| (ഇ) പ്രസ്തുത കോൺഫറൻസിലെ തീരുമാനപ്രകാരം പദ്ധതിയുടെ ഗുണഭോക്താക്കളുടെ വിവരം ഏതു തീയതിക്കുമുമ്പായി നൽകേണ്ടതായിരുന്നുവെന്ന് വെളിപ്പെടുത്തുമോ ; | (ഇ) പ്രസ്തുത കോൺഫറൻസിൽ പദ്ധതിയുടെ ഗുണഭോക്താക്കളുടെ വിവരം ഏതു തീയതിക്കു മുമ്പ് നല്കണമെന്ന് ആവശ്യപ്പെട്ടിരുന്നില്ല. |
| (എഫ്) പ്രസ്തുത തീയതിക്ക് മുമ്പ് വിവരം കേന്ദ്രത്തിന് നൽകിയോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ? | (എഫ്) ചോദ്യം ഉദിക്കുന്നില്ല. |

## പന്ത്രണ്ടാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 510* — 16.7.2007 ൽ മറുപടി.

## പൊതുനിരത്തുകളിലെ അനധികൃത കയ്യേറ്റം

| ചോദ്യം<br>ശ്രീ. എ. എ. അസീസ് : | ഉത്തരം<br>ഷെവ. ടി. യു. കുരുവിള<br>(ബഹു: മരാമത്ത് വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ പൊതുനിരത്തുകളിലെ അനധികൃത കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പൊതുനിരത്ത് കയ്യേറുന്നത് തടയുന്നതിന് പൊതുമരാമത്ത് വകുപ്പും റവന്യൂ വകുപ്പും സംയുക്തമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (ബി) ദേശീയപാതകളിൽ റവന്യൂ വകുപ്പിന്റെ സഹകരണത്തോടുകൂടി റോഡിന്റെ അതിരുകൾ നിശ്ചയിച്ച് പല സ്ഥലങ്ങളിലും ആവശ്യമായ അതിർക്കല്ലുകൾ സ്ഥാപിച്ചുവരുന്നു. കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള സ്ഥലങ്ങളിൽ ഹൈവേ അഡ്മിനിസ്ട്രേറ്റർ ആയി നിയോഗിച്ചിട്ടുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ എല്ലായിടത്തും ഒഴിപ്പിക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു.<br>മറ്റു റോഡുകളിൽ റവന്യൂവകുപ്പും മരാമത്ത് വകുപ്പും സംയുക്തമായി സർവ്വേ നടത്തുകയും, റോഡിന്റെ അതിർത്തികൾ നിർണ്ണയിക്കുകയും, അനധികൃത കൈയ്യേറ്റങ്ങൾ ഒഴിവാക്കുകയും ചെയ്തുവരുന്നു. പ്രസ്തുത ജോലി ഇപ്പോഴും തുടർന്നുവരുന്നു. |
| (സി) പൊതുനിരത്തുകളിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ? | (സി) കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും (ഹൈവേ അതോറിട്ടി) കർശനമായ നിർദ്ദേ നൽകിയിട്ടുണ്ട്. ദേശീയപാതകളിലെ കൈയ്യേറ്റങ്ങൾ Control of NH (Land & Traffic) Act അനുസരിച്ചും, Kerala Highway Protection Act അനുസരിച്ചും ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ റവന്യൂ, പോലീസ് അധികാരികളുടെ സഹകരണത്തോടുകൂട നടത്തുന്നതിന് പൂർണ്ണ അധികാരം നൽകിയിട്ടുണ്ട്. കയ്യേറ്റങ്ങൾ നീക്കം |

J301207 RSC,ND (011-27463500) F-518

S.510

ചെയ്യുന്നതിന് നടപടികൾ നടത്തിവരുന്നു.

പൊതുനിരത്തുകളിൽ അനധികൃതമായി പ്രദർശിപ്പിച്ചിട്ടുള്ള ബോർഡുകളും ബാനറുകളും ഒഴിവാക്കിവരുന്നു. റോഡുകൾ കയ്യേറിയവർക്ക് നോട്ടീസ് കൊടുക്കുകയും ഒഴിപ്പിക്കൽ നടപടികൾ തുടർന്നും നടത്തിവരുന്നു. ഒഴിപ്പിക്കലിനെതിരെ പലരും കോടതികളിൽ കേസു കൊടുക്കുകയും അതിനെതിരെ നിയമ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

സെക്ഷൻ ആഫീസർ